പുസ്തകം ൧൩. ൧൯൦൩.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

June 1918.

## സംഗതി വിവരം.


1 ഈശോയുടെ തിരുഹൃദയം.
2 നമ്മുടെ മൂന്നു ശത്രുക്കൾ.
3 വിശ്വാസപ്രചാരതല്പരത.
4 പുതിയ കാനൻലോ.
5 ഭക്തജീവിതപ്രവേശനം.
6 വിശുദ്ധന്മാരുടെ വണക്കം.
7 തിരുഹൃദയസഭക്കാർ ൧൯൧൫ മിഥുനമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.
8 ലോകവർത്തമാനച്ചുരുക്കം.


# നോട്ടീസ്

ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പടെ ബ്രി. രൂപാ ൧.

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മേല കുസുമം" മാനേജർ,

Mannanam, മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ച് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മലകുസുമം

പുസ്തകം ൧൩) ൧൯൧൮ ജൂൺ (ലക്കം ൩.

## ഈശോയുടെ തിരുഹൃദയം.

റി. വ. ദിവ്യശ്രീ കണ്ടാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സു കൊണ്ട് ഒരു ഇടയലേഖനം ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈശോയുടെ തിരുഹൃദയഭക്തിയെപ്പററി പ്രതിപാദിക്കുന്ന പ്രസ്തുത ലേഖനം സാരവത്തും സന്ദർഭോചിതവുമാകയാൽ അതിനെത്തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"അഭ്രുതപൂർവ്വമായി ഇപ്പോൾ നടക്കുന്ന ഭയങ്കരയുദ്ധവും, ഇനിയും ഇതിൻെറ ദശാംശത്തിലെത്തിയിട്ടില്ലാത്ത ഭയങ്കര ഫലങ്ങളും, നാനാവിധ പീഡകളാൽ സങ്കടപ്പെടുന്ന ജനങ്ങളുടെ സ്ഥിതിക്കും പുറമെ, വേദപുസ്തകം സൂചിപ്പിക്കുന്ന അവസാനകാലത്തിൻെറ അടയാളങ്ങളായ മനുഷ്യജാതിയുടെ ദൈവത്തിൽനിന്നുള്ള അകൽച്ചയും, പ്രപഞ്ചവസ്തുക്കളോടുള്ള അതിയായ അടുപ്പവും സ്നേഹവും, അന്യോന്യ സ്നേഹക്കുറവുകളും, ഇവയുടെ ഭയങ്കരഫലങ്ങളും മൂലം ലോകാവസാനം സമീപിച്ചിരിക്കുന്നുവോ എന്നോർത്ത് ഇപ്പോൾ ലോകത്തിൽ പലരും വിലപിക്കുന്നില്ലയോ? സൂര്യൻ ഭൂമിയിൽനിന്ന് ഏററം അകന്നുനിൽക്കുന്ന ആണ്ടവസാന മാസങ്ങളിൽ (നവംബർ, ഡിസംബർ) ഭൂമിയിൽ അധികമായ ശീതവും, ശീതഫലങ്ങളായ മററു ക്ലേശങ്ങളും വർദ്ധിക്കുന്ന പ്രകാരംതന്നെ ദൈവത്തിൽനിന്നു സമുദായങ്ങൾ അകന്നുനിൽക്കുന്ന ഇക്കാലങ്ങളിൽ അവരിൽ ദൈവസ്നേഹത്തിൻെറയും, പരസ്നേഹത്തിൻെറയും ഉഷ്ണം കുറഞ്ഞ്, പ്രപഞ്ചവസ്തുക്കളിലും സന്തോഷങ്ങളിലും അതിയായ വിശപ്പും ദാഹവും വർദ്ധിച്ചുവരുന്നതിൽ നാം ഒട്ടും അത്ഭുതപ്പെടുവാനില്ല. വൃദ്ധനായി മരിപ്പാറായിരിക്കുന്നവനെപ്പോലെ വൃദ്ധദശയിലെത്തിയിരിക്കുന്ന ലോകത്തിൻെറ വാർദ്ധക്യക്ലേശങ്ങൾക്കു നമ്മുടെ കർത്താവീശോമ്ശിഹാ തൻെറ കരുണാധിക്യത്താൽ തിരുസഭയെ തൻെറ തിരുഹൃദയത്തിൽ ജനിപ്പിച്ച ആ ക്ഷണത്തിൽതന്നെ, സഭയുടെ വാർദ്ധക്യദശയിൽ അതിനെ ബാധിപ്പാനിരിക്കുന്ന ക്ലേശങ്ങളെക്കണ്ട്, അന്തിമക്രൂദാശകളെന്നപോലെ ഇവയ്ക്കു പ്രത്യൗഷധം തയാറാക്കിയിരുന്നു. ഇത് ഈ അവസാനകാലങ്ങളിൽ നമ്മുടെ കർത്താവീശോമ്ശിഹാ തൻെറ ഇഷ്ടദാസിയായ അലക്കോക്കു മറിയം വഴിയായി പ്രസിദ്ധമാക്കിയ, തൻെറ ദിവ്യകാരുണ്യഹൃദയഭക്തിയാകുന്നു. അടുത്തുവരുന്ന തിരുഹൃദയത്തിരുനാളിനെയും, തിരുഹൃദയ മാസവണക്കത്തെയും നിങ്ങൾ വളരെ ഭക്തിപൂർവ്വം കൊണ്ടാടുവാൻവേണ്ടി, നാം ഈ ഭക്തിയെ സംബന്ധിച്ചു പറവാൻപോകുന്ന കാര്യങ്ങളെ നിങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട് പ്രവൃത്തിയാൽ അനുസരിക്കണമെന്നു നാം താല്പര്യപൂർവ്വം ഉപദേശിക്കുന്നു.

ശീതം ഉഷ്ണംകൊണ്ടു മാററപ്പെടുന്നതുപോലെ നമ്മുടെ കർത്താവീശോമ്ശിഹാ ഈ അവസാനകാലങ്ങളിൽ ദൈവത്തിൽനിന്നുള്ള അകർച്ചകൊണ്ടും .ദൈവ

സ്നേഹക്കുറവുകൊണ്ടും ലോകത്തിനു വന്നിട്ടുള്ള പ്രസ്തുത രോഗങ്ങളെ, മനുഷ്യജാതിയെ ദൈവത്തോടു് അടുപ്പിച്ചുകൊണ്ടും, അവരെ ദൈവസ്നേഹത്തിൽ എരിയിച്ചുകൊണ്ടും ഭേദപ്പെടുത്തുവാൻ നിശ്ചയിച്ചു. ഇതിന്നായിട്ടത്രേ സ്നേഹത്തിൻെറ ഭക്തിയായ തിരുഹൃദയഭക്തിയെ ഇക്കാലങ്ങളിൽ പ്രസിദ്ധമാക്കിയതു്. ഈ സത്യത്തെ സൂചിപ്പിച്ചുകൊണ്ടു് ഭാഗ്യപ്പെട്ട ഓൎമ്മയ്ക്കു് അർഹനായ ഒൻപതാംപീയൂസ്, ൧൮൭൫ ജൂൺ ൨൧-ാംനു- ഒരു ദീൎഘദൎശനമെന്നപോലെ പറഞ്ഞിട്ടുള്ളതായതു്:— “ഈ വിലപിക്കത്തക്ക കാലത്തിൽ, നാം നമ്മുടെ ദൃഢവിശ്വാസത്തേയും ആശയേയും ദൈവത്തിൻപക്കലേക്കു് ഉയൎത്തുക. എന്തെന്നാൽ അവിടുത്തെ തിരുഹൃദയം നിശ്ചിതകാലത്തിൽ ലോകമൊക്കെയേയും വിസ്മയഭരിതമാക്കത്തക്ക ഒരു വലിയ അത്ഭുതത്തെ പൂൎത്തിയാക്കിക്കൊണ്ടു വരുന്നതായി നമുക്കു തോന്നുന്നു.” പരിശുദ്ധ പിതാവു് പ്രവചിച്ചിരിക്കുന്ന ഈ അത്ഭുതം ഈ അവസാന കാലങ്ങളിൽ ഈശോയുടെ ദിവ്യകാരുണ്യ തിരുഹൃദയഭക്തി ലോകത്തിൻെറ നവീകരണത്തിന്നായി ചെയ്യുന്നതും, ചെയ്വാനിരിക്കുന്നതുമായ ഏററം വലിയ അനുഗ്രഹത്തിൻെറ സംഭവങ്ങളാകുന്നുവെന്നു സ്പഷ്ടമാകുന്നുവല്ലൊ. ആകയാൽ ലോകത്തിൻെറ തല്ക്കാലസ്ഥിതിയേയും, പ്രത്യേകം നമ്മുടെ സമുദായത്തിൻെറ തൃപ്തികരമല്ലാത്ത തല്ക്കാലാവസ്ഥയേയും നാം കണ്ടു്, തൽപരിഹാരാൎത്ഥം നമ്മുടെ ഇളക്കമില്ലാത്ത വിശ്വാസത്തേയും, ഉറപ്പുള്ള ആശയേയും നാം ഈശോയുടെ ദിവ്യകാരുണ്യതിരുഹൃദയത്തിൽ സ്ഥാപിക്കയും നിങ്ങളെ ഈ ഭക്തിയുടെ അഭ്യാസത്തിനു താല്പൎയ്യമായി ക്ഷണിക്കയും ചെയ്യുന്നു.

വാൎദ്ധക്യത്തിലെത്തിയിരിക്കുന്ന ലോകത്തിൻെറ ക്ഷീണതകളേയും, അവസാനരോഗങ്ങളേയും നീക്കുന്നതിന്നായിട്ടത്രേ ഈശോയുടെ തിരുഹൃദയം ഈ ഭക്തിയെ ഈ കാലങ്ങളിലേക്കു നീട്ടിവച്ചിരുന്നതു് എന്നു നാം വീണ്ടും ഉറപ്പായി നിങ്ങളോടു പറയുന്നു. എന്തെന്നാൽ, ഇതു പ്രസിദ്ധ കന്യകയായ വിശുദ്ധ ജൽത്രൂദയുടെ ഒരു അത്ഭുതദൎശനത്തിൽനിന്നു സ്പഷ്ടമാകുന്നു. എങ്ങനെയെന്നാൽ, ഒരു ദിവസം മേൽപ്പറയപ്പെട്ട വിശുദ്ധ കന്യക മനുഷ്യാവതാരംചെയ്ത ഏററം പൂജ്യമായ ദൈവവചനത്തെ ധ്യാനിച്ചു് പരവശയായിരിക്കയിൽ, ഈശോയുടെ തിരുഹൃദയത്തിൻെറ ഏററം പ്രേമശിഷ്യനായ വിശുദ്ധ യോഹന്നാൻ ഏവൻഗേലിസ്താ ഈ പുണ്യാത്മാവിനു പ്രത്യക്ഷനായി. ഈ കന്യക വിശുദ്ധ കൌതുകത്താൽ ഇളകി, അദ്ദേഹത്തോടു് “ഒടുക്കത്തെ അത്താഴത്തിൽ നമ്മുടെ കൎത്താവിൻെറ മാറിൽ ചാരിക്കൊണ്ടിരുന്നിട്ടും ആ തിരുഹൃദയത്തെ സംബന്ധിച്ചു യാതൊന്നും എഴുതിവയ്ക്കാതിരുന്നതു് എന്തുകൊണ്ടാകുന്നു” എന്നു ചോദിച്ചു. അപ്പോൾ വിശുദ്ധ ശ്ലീഹാ ഉത്തരമായി “ദൈവപിതാവിൻെറ വചനത്തെ ആരംഭസഭയോടു് അറിയിക്കയെന്നല്ലാതെ വേറെ കാൎയ്യമൊന്നും എനിക്കു് ഏൎപ്പിക്കപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ ഈ ദിവ്യഹൃദയത്തിൻെറ മാധുൎയ്യം അവസാനകാലത്തേക്കു നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. ഇതു് വാൎദ്ധക്യം പ്രാപിച്ച ലോകത്തെ പുനൎജ്ജീവിപ്പിക്കുന്നതിനും സ്നേഹമന്ദത നീക്കി അതിൻെറ സ്രഷ്ടാവിൻെറ നേരേയുള്ള സ്നേഹത്തിൽ ഉജ്ജ്വലിപ്പിക്കുന്നതിനുമായിട്ടത്രേ” എന്നു പറഞ്ഞു.

ദൈവസ്നേഹത്തിൽനിന്നു് അകന്നു പ്രപഞ്ചസ്നേഹത്തിൽ മുഴുകിയിരിക്കുന്ന ലോകത്തെ വീണ്ടും ദൈവത്തിൻപക്കലേക്കു് അടുപ്പിപ്പാനും, ഈ സ്നേഹാഗ്നിയാൽ അതിനെ വീണ്ടും കത്തിപ്പാനും സ്നേഹത്തിൻെറ ഭണ്ഡാരവും നിധിയുമായ ഈ തിരുഹൃദയഭക്തിയേക്കാൾ തക്കതായ മാൎഗ്ഗം മറെറാന്നുമില്ല. അതെ,— ലോകസ്നേഹാഗ്നിയെ കെടുത്തി, ദൈവസ്നേഹാഗ്നി കത്തിപ്പാൻ ഈശോയുടെ ദിവ്യകാരുണ്യതിരുഹൃദയഭക്തിയാകുന്നു ഏററം ഉചിതമായ മാൎഗ്ഗം. ഈശോ ലോകത്തിൽനിന്നു ഭക്തിഹീനതയുടെ ശീതത്തെ മാററി കത്തിപ്പാൻവന്ന സ്നേഹത്തിൻെറ തീയിതാകുന്നു. വിശുദ്ധ ബൎണ്ണർദോസ് പറയുന്നതായതു്: നമ്മുടെനേരെയുള്ള ഈശോയുടെ സ്നേഹത്തിൻെറ രഹസ്യമുറിവുകളെ നമുക്കു പരസ്യമാക്കുവാൻവേണ്ടി തൻെറ തിരുഹൃദയം നമുക്കായി തു

റക്കപ്പെട്ടു". "പടയാളികളല്ല, ഈശോയുടെ തിരുഹൃദയത്തെ കുത്തി ത്തുറന്നത്. നമ്മുടെനേരെയുള്ള അവിടുത്തെ സ്നേഹമത്രെ" എന്നു നാം വിശുദ്ധ ആഗുസ്തീനോസിനോടുകൂടെ അനുസരിച്ചു പറയണം. "ഈശോ നമ്മെ ചുംബിപ്പാനായി തന്റെ തലയെ ചായിച്ചു. നമ്മെ ആശ്ലേഷിപ്പാനായി തന്റെ കരങ്ങളെ വിരിച്ചു. അത്രയുമല്ല, നമ്മെ സ്നേഹിപ്പാനായി തന്റെ ഹൃദയത്തെ തുറക്കയും ചെയ്തു" എന്ന് വിശുദ്ധ ആഗുസ്തീനോസ് വീണ്ടും പറയുന്നു.

കൂടാതെയും ഈശോയുടെ തിരുഹൃദയഭക്തി എല്ലാ ഭക്തികളിലുംവച്ച് ഏററം വിശേഷിക്കപ്പെട്ടതും, ഏററം ഉന്നതമായതുമാകുന്നു. എന്തെന്നാൽ ഇതു നമ്മുടെ കർത്താവീശോ മ്ശിഹായെ പ്രത്യേകപ്രകാരത്തിൽ ആരാധിപ്പാനും സ്നേഹിപ്പാനുമുള്ള ഒരു വിശേഷ മുറയാണ്. മററുള്ള ഭക്തികളൊക്കെയുടേയും അവസാന ഉദ്ദേശ്യവും ലാക്കും, ഈശോയുടെനേരെയുള്ള ഭക്തിയിൽ നമ്മെ ഏററമേററം വർദ്ധിപ്പിക്കണമെന്നാകുന്നു. ആകയാൽ മററുള്ള ഭക്തികളെല്ലാം ഉപമാർഗ്ഗങ്ങളും, ഇതു് അവയുടെ പരമോദ്ദേശ്യവും ആകുന്നു. മറെറല്ലാ ഭക്തികളേയുംകാൾ ഈ ഭക്തിയാൽ നാം അത്യധികമായി ഈശോ മ്ശിഹായെ ആരാധിപ്പാനും സ്നേഹിപ്പാനും ഉത്സാഹിപ്പിക്കപ്പെടുന്നു. എന്തെന്നാൽ കുരിശും തിരുമുറിവുകളും, ഈശോ മ്ശിഹാ നമ്മെ സ്നേഹിച്ച സ്നേഹത്തിന്റെ ഓരോ പ്രവൃത്തികളെ പ്രത്യേകം പ്രത്യേകം കാണിക്കുന്നു. എന്നാൽ സ്നേഹത്തിന്റെ നിധിയും അടയാളവുമായ ഈശോയുടെ തിരുഹൃദയം, തന്റെ പിറവി, കഷ്ടാനുഭവം, വിശുദ്ധ കുർബാനയുടെ സ്ഥാപനം ആദിയായി അവിടുന്നു നമുക്കു ചെയ്തിട്ടുള്ള സർവ്വോപകാരങ്ങളുടേയും ഉറവയും അടയാളവുമാകുന്നു. വിശേഷിച്ച് ഈ ദിവ്യഹൃദയം എല്ലാ വരപ്രസാദങ്ങളുടെയും നിധിയും സർവ്വപുണ്യങ്ങളുടെയും പ്രസന്നമായ ദർപ്പണവുമാകുന്നു. ഇതു നമ്മുടെ ഹൃദയങ്ങളെ സദൃശീകരിക്കുകയും അനുരൂപപ്പെടുത്തുകയും ചെയ്യേണ്ടതായ പരിശുദ്ധതയുടെ മൂലമാതൃകയും പ്രമാണവുമാകുന്നു. ഇതിനാലത്രേ ഈശോ മ്ശിഹായിലല്ലാതെ മറെറാരുത്തനിലും രക്ഷയില്ലായെന്നും, നാം രക്ഷപ്രാപിക്കത്തക്കവണ്ണം മനുഷ്യർക്ക് സ്വർഗ്ഗത്തിനുകീഴ് മററു നാമം കൊടുക്കപ്പെട്ടിട്ടില്ലായെന്നും വേദാഗമത്തിൽ എഴുതപ്പെട്ടിരിക്കുന്നത്. (നടവടി ൪, ൧൨)

ആകയാൽ, ലോകത്തിന്റെ വാർദ്ധക്യപീഡകളുടെ ശമനത്തിനായി നൽകപ്പെട്ടിട്ടുള്ള ഏററം ശ്രേഷ്ഠമായും രക്ഷാകരമായുമുള്ള ഈ ഭക്തിയെ എല്ലായ്പ്പോഴും, പ്രത്യേകം ഈ മാസത്തിലും വിശേഷവിധമായി നിങ്ങൾ അനുഷ്ഠിപ്പിൻ. പ്രപഞ്ചവസ്തുക്കളുടെ അതിയായ സ്നേഹത്തിൽനിന്നും താല്പര്യത്തിൽനിന്നും നിങ്ങൾ അകന്ന്, ആത്മശുദ്ധീകരണത്തിനായി കുമ്പസാരമെന്ന കൂദാശയേയും, ദൈവസ്നേഹത്തെ വർദ്ധിപ്പിക്കുന്ന കൂദാശയായ വിശുദ്ധ കുർബാനയേയും കൂടക്കൂടെ ഉൾക്കൊള്ളുവിൻ. ദിവസംപ്രതി നിങ്ങളുടെ സകല ജപങ്ങളേയും, വേലകളേയും, കഷ്ടതകളേയും അമലോത്ഭവയായ മറിയത്തിന്റെ തിരുഹൃദയം വഴിയായി ഈശോയുടെ തിരുഹൃദയാഗ്രഹനിവൃത്തിക്കായി കാഴ്ചകൊടുപ്പിൻ. കൂടാതെ ഈ ദിവ്യഹൃദയത്തിരുനാൾ ദിവസം നിങ്ങളേയും, നിങ്ങൾക്കുള്ളവരേയും, നിങ്ങളുടെ കരകളേയും, നമ്മുടെ ഈവികാരിയാത്തിനെത്തന്നെയും, അത്രയുമല്ല ലോകം മുഴുവനേയും സ്നേഹംനിറഞ്ഞ ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തിനു പ്രതിസ്നേഹബലിയായും, പ്രത്യേകിച്ച് ഈ ദിവ്യഹൃദയം അജ്ഞാനികളിൽനിന്നും പാപികളിൽനിന്നും, പ്രത്യേകം തന്റെ സ്നേഹത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരിൽനിന്നും അനുഭവിക്കുന്ന നിന്ദകൾക്കും ദ്രോഹങ്ങൾക്കും പരിഹാരബലിയായും സമർപ്പിപ്പിൻ. ഈശോയുടെ ദിവ്യഹൃദയത്തെ തങ്ങളുടെ ഭവനങ്ങളിൽ രാജാവായി പ്രതിഷ്ഠിച്ചിട്ടില്ലാത്തവർക്ക് ഈമാസം ഇതിലേക്ക് ഒരു നല്ല അവസരമാകുന്നു എന്നും നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

കൂടാതെയും വൈദികർ ഓരോ ഇടവകകളിൽ "ജപ അപ്പൊസ്തോല സഖ്യത" ക്രമമായി ഏർപ്പെടുത്തി ഇതിന്റെ താല്പര്യങ്ങളെ ആദ്യ വെള്ളിയാഴ്ചയോ, ഞായറാഴ്ചയൊതോറും ജനങ്ങളെ ഗ്രഹി

പ്പിക്കുന്നതായാൽ, അവർ തിരുഹൃദയ ഭക്തിയുടെ ഫലങ്ങളെ പൂർണ്ണമായി അനുഭവിപ്പാൻ ഇതു വളരെ ഉപകരിക്കുന്നതാകുന്നു. വിശേഷിച്ചു തങ്ങളുടെ കീഴുള്ള ജനങ്ങൾ "തോസിയസ് കോസിയസ്" എന്ന അപൂർവ്വദണ്ഡവിമോചനം ലഭിക്കത്തക്കവണ്ണം. വൈദികന്മാർ നവനാളുകളിൽ തിരുഹൃദയഭക്തിയെ സംബന്ധിച്ചു ചെറിയ ഉപദേശങ്ങൾ നടത്തി തിരുഹൃദയത്തിരുനാളിനെ ആഘോഷമായി കൊണ്ടാടണമെന്നു നമുക്കു വലിയ ആഗ്രഹമുണ്ട്.

കടശി ലോകപാപംനിമിത്തം കോപിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയം, നമ്മുടെ യോഗ്യതപോലെ നമ്മെ ശിക്ഷിക്കാതെ തന്റെ അളവില്ലാത്ത ദയയ്ക്കൊത്തവണ്ണം നമ്മുടെമേൽ കരുണയുണ്ടായി ഇനിയും അവസാനിക്കാത്ത ലോകസമരം വേഗത്തിൽ അവസാനിച്ച് ആഗ്രഹിക്കപ്പെട്ട സമാധാനം ലോകത്തിൽ ഉണ്ടാകുന്നതിന്, പരിശുദ്ധ പിതാവ് ഒൻപതാംപീയൂസ് പാപ്പായുടെ പ്രവചനംപോലെ ഈ ദിവ്യഹൃദയംമൂലം സഭയുടെ പരിപൂർണ്ണ വർദ്ധനവിനും മഹിമയ്ക്കുംവേണ്ടി ഈശോയുടെ കരുണാസമുദ്രമായ തിരുഹൃദയത്തോട് ഉത്സാഹപൂർവ്വം പ്രാർത്ഥിക്കണമെന്നു നിങ്ങളെ ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു."

## നമ്മുടെ മൂന്നുശത്രുക്കൾ.

(D. J.)

II.

### പിശാച്.

സൃഷ്ടികളിൽവച്ച് ആത്മാവിനെപ്പോലെ ലോകത്തിൽ ഇത്ര അമൂല്യവും അത്ഭുതജനകവുമായി മറ്റൊന്നുമില്ല. ഇതിന്റെ ആഭ്യന്തരവില വാക്കാൽ വർണ്ണനീയമൊ അനാത്മിക ലോകസമ്പത്തുക്കളാൽ ലഭ്യമൊ ബുദ്ധിയാലാകട്ടെ സങ്കല്പനാശക്തിയാലാകട്ടെ ഗ്രാഹ്യമൊ ചിന്ത്യമൊ അല്ലതാനും. ഇഹത്തിൽ ഇതിനോടു തുലനംചെയ്യത്തക്ക യാതൊന്നുമില്ലായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇപ്രകാരമുള്ള മനുഷ്യാത്മാവിനെ വീണ്ടുരക്ഷിക്കുന്നതിനായി ദൈവംതന്നെ ആകാശത്തിൽനിന്നും ഇറങ്ങി നമ്മുടെ മനുഷ്യസ്വഭാവമെടുത്ത്, അനന്തമായ വിലയെ — തന്റെ സ്വന്ത തിരുരക്തത്തിന്റെ വിലയെ — കൊടുത്ത്, അതിനെ വീണ്ടെടുത്തു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതും നമ്മിൽ അദൃശ്യമായിരിക്കുന്നതുമായ ആത്മാവിന്റെ അനന്തമായ സൌന്ദര്യവും ശ്രേഷ്ഠതയും ദൈവസിംഹാസനത്തിലുള്ള അതിന്റെ നിലയും സ്വർഗ്ഗീയപരമാനന്ദത്തിന് അതിനാലുണ്ടാകുന്ന ഒരുവക വർദ്ധനവും വിശ്വാസംവഴിയായിട്ടേ നമുക്കു ഗ്രഹിക്കാൻ പാടുള്ളു. എന്നാൽ കഷ്ടമെ! അതിന്റെ ശ്രേഷ്ഠതയെ അറിഞ്ഞു തദനുസാരം പ്രവർത്തിക്കുന്ന മനുഷ്യർ എത്രയൊ ചുരുങ്ങും. എത്രപേരാണ് ഇതിനെപ്പറ്റി ഗൌനിക്കാതെ — ഒരു ദൈവത്തിന്റെ മരണത്താൽ ഉദ്ധരിക്കപ്പെട്ടതാണെന്നു വിചാരിക്കാതെ — ലോകാവസാനത്തോളം നിലനില്ക്കാനായി താൻ സ്ഥാപിച്ച തിരുസഭയുടെ ഏകോദ്ദേശ്യം ആത്മരക്ഷയാണെന്നു സ്മരിക്കാതെ ഓരോരൊ തള്ളലുകൾക്കൊത്തവണ്ണം ജീവിക്കുന്നത്. എന്നാൽ നാം നമ്മുടെ മൺപാത്രങ്ങളിൽ കൊണ്ടുനടക്കുന്ന നിക്ഷേപത്തിന്റെ വിലയെ അറിയുന്നവരായി വേറെ ചിലരുണ്ട്. അവർ പിശാചും അവന്റെ കൂട്ടരായ കറുത്ത മാലാഖാമാരുമാണ്. ഇവർ ആത്മാവിന്റെ ശ്രേഷ്ഠതയെ അറിഞ്ഞ്, നമ്മുടെനേരെയുള്ള അസൂയയാൽ നിറഞ്ഞ്, ദൈവവെറുപ്പാൽ എരിഞ്ഞ് നമ്മിൽനിന്നും ഈ നിധിയെ മോഷ്ടിച്ച് നമ്മുടെ സമ്മാനത്തെ നഷ്ടമാക്കുവാനും ദൈവത്തിനു നമ്മുടെ ശുശ്രൂഷ ഇല്ലാതാക്കുവാനും അരയും തലയും മുറുക്കി പുറപ്പെട്ടിരിക്കുന്നു.

ഇത് ഒരു വെറും സ്വപ്നമൊ സങ്കല്പമൊ അല്ല; ദൈവപ്രകാശനത്താൽ മുദ്രിതമായ ഒരു സത്യമാണ്. നാം ജീവിക്കുന്നതും പ്രവർത്തിക്കുന്നതും പ്രതികൂലശക്തികളിൻമദ്ധ്യേയെന്നും രാവും പകലും

നമ്മുടെ നാശത്തിനായി വലകളേയും കുടുക്കുകളേയും വച്ചുകൊണ്ടു നടക്കുന്ന ഉറക്കമില്ലാത്ത ശത്രുക്കളാൽ സദാ നാം ചുററപ്പെട്ടിരിക്കുന്നു എന്നും ദൈവംതന്നെ അരുളിച്ചെയ്യുന്നു. "പിശാചു് ഗർജ്ജിക്കുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു ചുററി നടക്കുന്നു" (൧. പത്രോസ്, ൫. ൮). അവനെ സിംഹത്തോടു് ഉപമിക്കുന്നതിന്റെ കാരണം അവന്റെ ശക്തിയും ഉഗ്രതയും ദ്വേഷവുംകൊണ്ടാണ്. എന്നാൽ പിശാചു കാണ്മാൻ പാടില്ലാത്ത ഒരു ഭയങ്കരനാകയാൽ അവനെ നാം അത്യധികം ഭയപ്പെടണം; എന്തുകൊണ്ടെന്നാൽ കാണാവുന്ന ഒരു ശത്രുവിനെ സൂക്ഷിക്കുന്നതിനും ഒഴിഞ്ഞുമാറുന്നതിനും വളരെ എളുപ്പമുണ്ടു്. "നമ്മുടെ യുദ്ധം" പൌലോസു ശ്ലീഹാ പറയുന്നതുപോലെ "ശരീരത്തോടും മാംസത്തോടും അല്ലാ, അധികാരികളോടും ശക്തികളോടും ഈ അന്ധകാരത്തിന്റെ ലോകാധികാരികളോടും ഉന്നതസ്ഥാനങ്ങളിലെ ദുഷ്ട അരൂപികളോടുമാണ്." (എഫേസ്, ൬. ൧൨).

ഇപ്രകാരം ദൈവം നമ്മെ ഗുണദോഷിക്കുന്നതു് നാം ഈ അപകടത്തെ നന്നായി ഗ്രഹിച്ചു് അപേക്ഷയാലും ശ്രദ്ധയാലും അവരിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനായിട്ടാകുന്നു–; അതേ, നാം നമ്മുടെ സ്ഥിതി മനസ്സിലാക്കി ഹൃദയത്തിലേക്കുള്ള ശത്രുവിന്റെ പ്രവേശനമാർഗ്ഗങ്ങളെ തടഞ്ഞു് സൂക്ഷ്മത്തോടും നോട്ടത്തോടും കൂടി ജീവിതത്തിൻ വഴുതുന്ന വഴിയെ നടന്നു ദൈവകവചത്തെ ധരിച്ചു്, അന്ധകാരത്തിന്റെ പ്രവൃത്തികളെ ത്യജിച്ചു് പ്രകാശത്തിന്റെ ആയുധത്തെ ധരിച്ചു് പിശാചിനോടെതിർക്കുന്നതിനായിട്ടുതന്നെ.

പിശാചു് മഹാ സൂത്രിയായ ഒരു പടത്തലവനാണെന്നു നിസ്സംശയം പറയാം. തന്റെ ഇഷ്ടാനുസരണം ഉപയോഗിക്കാനായി ഒരു വലിയ ശക്തി അവനുണ്ടു്. ഇതുമൂലം അവൻ ആത്മാക്കൾക്കു വരുത്തിക്കൂട്ടുന്ന നാശം ഒട്ടും ചില്ലറയല്ല. അവന്റെ സൂത്രങ്ങളോ വിവിധവും വഞ്ചകവുമാണ്; കണ്ടുപിടിക്കുക വളരെ പ്രയാസം. എന്തുകൊണ്ടെന്നാൽ അവന്റെ സൂത്രങ്ങളെല്ലാം പ്രഥമദൃഷ്ട്യാ ദോഷരഹിതങ്ങളാണ്. നിഷ്ഠുരനായ അവന്റെ ചൂണ്ടയിലെ 'ഇര'മാത്രമെ നാം കാണുന്നുള്ളു; അതു് അത്ര നന്നായി ഒളിച്ചുവച്ചിരിക്കയാണ്. അതിൽ പിടികൂടിയാൽ പിന്നെ നമ്മുടെ കഥ ഇരവിഴുങ്ങിയ മത്സ്യത്തിന്റെതുപോലെതന്നെ. ഒരു സേനാനായകൻ ഒരു കോട്ടപിടിച്ചു കീഴടക്കുന്നതിനു് ഒന്നുകിൽ അതിനെ വളഞ്ഞു് അതിന്റെ അടിസ്ഥാനത്തെ നശിപ്പിച്ചു് അതിൽ പ്രവേശിക്കാൻ ശ്രമിക്കും. അല്ലെങ്കിൽ അതിനു ചുററും സേനകളെ നിരത്തി ഭക്ഷണസാധനങ്ങൾ കടത്തിവിടാതെകണ്ടു് കോട്ടയിലുള്ളവരെ കീഴമർത്താൻ നോക്കും. ഈവിധംതന്നെ പിശാചും നമ്മുടെ ആത്മാവാകുന്ന കോട്ടയിൽ പ്രവേശിക്കുന്നതിനു സൂത്രങ്ങളെ ഉപയോഗിക്കുന്നു. തന്റെ വിദഗ്ദ്ധ ഉദ്യോഗസ്ഥന്മാരായ ലോകത്തേയും ശരീരത്തേയും ഉപയോഗിച്ചു് ആത്മാവിനെ പിടിച്ചടക്കാൻ സദാ ശ്രമിച്ചുകൊണ്ടേയിരിക്കുന്നുവെന്നു നാം സദാ സ്മരിക്കണം. എന്നാൽ ഈ ആക്രമണം നേരിട്ടല്ലായെന്നതാണു നമ്മുടെ പ്രത്യേക ശ്രദ്ധയെ ക്ഷണിക്കുന്നതു്. പൊടുന്നനവെ അവൻ നമ്മെ ചാവുദോഷങ്ങളിലേക്കൊ മററു ഭയങ്കര തിന്മകളിലേക്കൊ ചാടിക്കുന്നില്ല; പിന്നെയൊ ക്രമേണ നമ്മുടെ ആദ്ധ്യാത്മിക സഹായങ്ങളെ ഇല്ലാതാക്കി, നമസ്കാരം കൂദാശകൾ മുതലായവയിൽനിന്നും നമ്മെ അകററി പാപദോഷങ്ങളെ നിസ്സാരമായി കാണിച്ചു ചാവുദോഷങ്ങളുടെ കൂപത്തിലേക്കു് ഉന്തിയിടുന്നു.

നമ്മുടെ ആത്മാവും ശരീരത്തെപ്പോലെതന്നെ അനേകം ബാഹ്യസംഗതികളെ ആശ്രയിച്ചാണല്ലൊ ഇരിക്കുന്നതു്. ശരീരാരോഗ്യത്തിനു ഭക്ഷണം, പാനീയം, വായു, വെളിച്ചം, ഉറക്കം മുതലായവ ആവശ്യമുണ്ടു്. ഇവ ആഗ്രഹിക്കത്തക്കവമാത്രമല്ല, കൂടിയേതീരൂ എന്നവയാണ്. ഒരാൾക്കു മററൊരാളെ കൊല്ലണമെങ്കിൽ അവന്റെ ശങ്കിൽ കഠാരി കുത്തിത്താഴ്ത്തണമെന്നില്ല; അവനെ തൊടുകപോലും ആവശ്യമില്ല. ഭക്ഷണം, വായു, പാനീയം മുതലായവ അവനു ലഭിക്കാതിരിപ്പാൻ ശട്ടംകെട്ടിയാൽ ധാരാളം മതി. ഈ സത്യം ആത്മാവിന്റെ കാ

ഷ്യത്തിലും യോജിക്കുന്നു. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ലല്ലൊ ജീവിക്കുന്നതും. മനുഷ്യൻെറ ശാരീരിക ജീവസന്ധാരണത്തിനു വേണ്ടപോലെതന്നെ ആത്മിക ജീവസന്ധാരണത്തിനും ഒരു ഭക്ഷണം ആവശ്യമുണ്ട്. പ്രാർത്ഥന, കുദാശ, ധ്യാനം, ജ്ഞാനവായന മുതലായവയാണ് ഈ ആത്മികഭക്ഷണം. ഇവയെ കിട്ടാതാക്കിത്തീർത്താൽ ആത്മാവു വാടി നശിച്ചു പോകതന്നെചെയ്യും. ഈ കടമകളെ നിറവേററുമ്പോൾ ആത്മാവു വർദ്ധനപ്രാപിച്ചു വികസിക്കുന്ന ഒരന്തരീക്ഷം ഉണ്ടാകയും ചെടികൾ ഉഷ്ണമേഖലയിൽ എന്നകണക്കെ പുണ്യഫലങ്ങളെ പുറപ്പെടുവിക്കയും ചെയ്യുമെന്നതു സത്യം തന്നെ. എന്തുകൊണ്ടെന്നാൽ പ്രാർത്ഥന നമ്മെ ദൈവത്തോടു യോജിപ്പിക്കയും, കുദാശകൾ ദൈവ വരപ്രസാദത്താൽ നമ്മുടെ ആത്മാക്കളെ ബലപ്പെടുത്തുകയും, ധ്യാനം നമ്മെ അറിഞ്ഞു ജീവിക്കുന്നതിനുതവുകയും, ജ്ഞാനവായന നമ്മുടെ ജീവിതത്തെ പുണ്യപ്പെടുത്താൻ സഹായിക്കയും ചെയ്യുന്നു.

ഇപ്രകാരമുള്ള മാർഗ്ഗങ്ങളെ ഉപയോഗിച്ചു നമുക്ക് അഭിവൃദ്ധിയുണ്ടാക്കാനായി സമയം ആവശ്യമാണ്. ഇതു പിശാചു കണ്ട്, നമ്മുടെ ആത്മാവിനെ പട്ടിണി ഇട്ടു കൊല്ലുന്നതിനായി ആത്മികജോലികൾക്കു സമയം ഇല്ലാതിരിക്കത്തക്കവണ്ണം നമ്മെ അനേകം ജോലികളിൽ ഉൾപ്പെടുത്തുന്നു. മനുഷ്യനാകട്ടെ, തൻെറ മനസ്സിനേയും വിചാരങ്ങളേയും ലോകത്തിലേക്കും ലോകകാര്യങ്ങളിലേക്കും പതിച്ചുകൊണ്ട് ആത്മികകാര്യങ്ങളെ നിശ്ശേഷം തള്ളിക്കളകയൊ അല്ലെങ്കിൽ അവയെ മററു സംഗതികൾക്കുശേഷം ചെയ്യാൻ നീട്ടിവച്ച് ആത്മാവിനെ പട്ടിണി കിടത്തി ക്ഷീണിപ്പിക്കയൊ ചെയ്യുന്നു. ലോകവും ഇതിൽ പിശാചിനെ വളരെ സഹായിക്കുന്ന ഒരുററ ബന്ധുവാണ്. എങ്ങനെയെന്നാൽ ദൈവിക കാര്യങ്ങളിൽ ഒരു മിനിട്ടുപോലും ചെലവിടാനില്ലാതിരിക്കത്തക്കവണ്ണം അതു് നമ്മുടെ സമയത്തെ അധീനമാക്കുന്നു. സ്വഭാവത്താലെ തിന്മയായ യാതൊന്നിനെയും അതു നമ്മിൽനിന്നും ആവശ്യപ്പെടുന്നില്ലെന്നുള്ളതു ശരിതന്നെ. ഇതുതന്നെയാണ് അധികം ആപൽക്കരമായിട്ടുള്ളതും. എന്തുകൊണ്ടെന്നാൽ തിന്മയെ നമുക്കു തോന്നിച്ചെങ്കിൽ നാം അതിനെപ്പററി സംശയിക്കയും അതിനോട് എതിർക്കയും ചെയ്യേനെ. എന്നാൽ അതു യാതൊരു തെററിനെയും ഉപദേശിക്കയാകട്ടെ ആരെയും നേരെ പാപത്തിലേക്കു നയിക്കയാകട്ടെ ചെയ്യുന്നില്ല. ഇതു പിശാചിനാവശ്യമില്ലതാനും ദൈവത്തേയും ആത്മകാര്യങ്ങളേയും ഒഴിച്ചുള്ളവയിൽ നമ്മുടെ വിചാരങ്ങൾ ചെലുത്തിക്കാണുന്നതുകൊണ്ട് അവൻ തൃപ്തനാണ്. ഇതിനാൽ ആത്മരക്ഷയും ജീവനും ഇല്ലാതാകുമെന്നു അവനു നല്ലവണ്ണം അറിയാം.

നമുക്കുള്ള ക്ലിപ്തസമയത്തു നാം ചെയ്യുതീർക്കേണ്ട ജോലികളുടെ ആധിക്യംതന്നെയാണ് ഇപ്പോഴത്തെ മുഖ്യ ആത്മികാപായം. നമ്മുടെ ജീവിതം ജോലികളാൽ നിറഞ്ഞിരിക്കുന്നു. പാവപ്പെട്ടവൻ അവൻെറ ആയുഷ്ക്കാലത്തെ വേലയിലും ബുദ്ധിമുട്ടിലും ധനവാൻ ഏറിയക്രൂറും സന്തോഷങ്ങളിലും ദുർവൃത്തിയിലും കഴിച്ചുകൂട്ടും. ഏകവാക്കായിപ്പറഞ്ഞാൽ ഇഹലോക കാര്യങ്ങൾ പരലോക കാര്യങ്ങൾക്കായി സമയം തരുന്നില്ലെന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ. അനാവശ്യമായ വസ്ത്രധാരണത്തിലും ശരീരാഡംബരങ്ങളിലും കുടിയിലും തീനിലും അന്യായമായ സഹവാസങ്ങളിലും സല്ലാപങ്ങളിലും കൂട്ടങ്ങളിലും കൂത്തുകളിലും മററും മനുഷ്യർ എത്രയൊ സമയം ചെലവിടുന്നു! ഇവയ്ക്കു ശേഷം വല്ലൊരു സമയവും കിട്ടിയെങ്കിൽ അതും ലോകകാര്യത്തിനായിത്തന്നെ ചെലവിടും. ഇങ്ങനെ ദിവസങ്ങൾ കടന്നുപോകുന്നു; നമ്മുടെ പ്രായം കൂടുന്നു. എന്നാൽ നമ്മുടെ ആത്മസ്ഥിതി നാം അറിഞ്ഞിരുന്നെങ്കിൽ ദാവീദിനോടുകൂടി "എൻെറ ഹൃദയം തളർന്നുപോയി, എന്തെന്നാൽ ഞാൻ അപ്പം ഭക്ഷിപ്പാൻ മറന്നുപോയി" എന്നു നിലവിളിക്കുമായിരുന്നു.

പിശാചു, നമ്മുടെ ചാച്ചിലുകളേയും തള്ളലുകളേയും വാസനകളേയും ഇഷ്ടങ്ങളേയും അനിഷ്ടങ്ങളേയും എല്ലാം ശ്രദ്ധാപൂർവ്വം പഠിച്ച് അവയെ അവൻെറ ഉദ്ദേശ്യസിദ്ധിക്കായി ഉപയോഗിക്കുന്നു.

ഒരു കൃഷിക്കാരൻ സ്വന്ത ജോലിയിൽ വളരെ ജാഗ്രതയുള്ളവനായി പിശാചു കണ്ടാൽ അവനെ അതിൽ കൂടുതൽ ജാഗരൂകനാക്കിത്തീക്കാനാണ പിശാചിൻെറ ശ്രമം. ഇങ്ങനെ അയാളുടെ വിചാരവും മനസ്സും എല്ലാം വേലയിൽ പതിഞ്ഞുകഴിഞ്ഞാൽ പിശാചിൻെറ ഉദ്ദേശവും സാധിച്ചുകഴിഞ്ഞു. എന്തുകൊണ്ടെന്നാൽ വേലയിലുള്ള ക്രമാതീതമായ ശ്രദ്ധ ആത്മകാൎയ്യങ്ങളെ ഉപേക്ഷിക്കുന്നതിനൊ അല്ലെങ്കിൽ അശ്രദ്ധയോടെ ചെയ്യുന്നതിനൊ ഇടവരുത്തുന്നു. ഇങ്ങനെ ഇവൻ അശ്രദ്ധനായി ഞായറാഴ്ചകളെ വെറും തിങ്കളാഴ്ചകളാക്കി ജോലി ചെയ്തുചെയ്തു പാപത്തിൽനിന്നും പാപത്തിലേക്കു ചാടും. അതേ, പിശാചു മിക്കപ്പോഴും മനുഷ്യനെ തട്ടിക്കുന്നതു ശ്ലാഘ്യവും നിൎദ്ദോഷവുമായ സംഗതികൾ വഴിയായിട്ടാണ്. ഒരു വിദ്യാൎത്ഥിക്കു പഠനത്തിൽ ആസക്തി വൎദ്ധിപ്പിച്ചും കച്ചവടക്കാരനു ലാഭത്തിലും വൈദ്യനു ചികിത്സയിലും, ധനികനു ദ്രവ്യത്തിലും, ദരിദ്രനു സമ്പത്തിലും, മദ്യപനു കുടിയിലും അമിതമായ താല്പൎയ്യം വൎദ്ധിപ്പിച്ചും അവരുടെ സമയത്തെ നിറയ്ക്കയാണ പിശാചിൻെറ പണി. ഇങ്ങനെ, ഈ സംഗതികൾ നമ്മുടെ സമയത്തേയും വിചാരത്തേയും മുഴുവനായി വിഴുങ്ങുന്ന ഓരോ അത്യാസക്തികളായി തീൎന്ന് ദൈവത്തോടുള്ള കടമകളെ നിറവേററാതിരിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കും. ഇപ്രകാരം ഇവ ഓരോന്നായി ആത്മികകൃത്യങ്ങളെ തട്ടിക്കളഞ്ഞ് ജീവിതത്തെ മുഴുവനും താറുമാറാക്കുന്നു. ദരിദ്രനു പട്ടിണിയോടുള്ള പടയാലും കച്ചവടക്കാരനു മററു കച്ചവടക്കാരെ കവിയാനുള്ള ശ്രമത്താലും ഇങ്ങനെ ഓരോരുത്തൻ ഓരോരൊ ആഗ്രഹനിവൃത്തികൾക്കായി ആത്മാവിനേയും തൽകാൎയ്യങ്ങളേയും ബലികഴിച്ച് ഒരു നിരാശയാവസ്ഥയെ പ്രാപിക്കുന്നു.

## വിശ്വാസപ്രചാരതല്പരത

ഈ പുണ്യം എന്താകുന്നുവെന്നാണ് ആദ്യമായി ആലോചിക്കേണ്ടതു്. അതിൻെറ പേരുതന്നെ അതിനെ ഒരു വിധത്തിൽ വിശദമാക്കുന്നുണ്ടു്. "വിശ്വാസപ്രചാരതല്പരത" എന്നതു് നാം വിശ്വസിക്കുന്ന സംഗതികൾ ഇതരമതസ്ഥന്മാരും അംഗീകരിച്ച് വിശ്വസിക്കണമെന്നു നമുക്കുള്ള ആഗ്രഹവും അതിനായി നമ്മാൽ ചെയ്വാൻ കഴിയുന്ന പ്രയത്നങ്ങൾ ചെയ്വാനുള്ള ഒരുക്കവും ഇങ്ങിനെ രണ്ടു ഗുണങ്ങളെ നിൎദ്ദേശിക്കുന്നുണ്ടു്. ഇതു് എത്രയും ന്യായോക്തമായിട്ടുള്ള ആഗ്രഹമാണെന്നു അല്പം ആലോചിച്ചാൽ തെളിവാകും. എന്തെന്നാൽ നാം അനുസരിച്ചിരിക്കുന്ന മതം ദൈവംതന്നെ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നതാകുന്നുവെന്നും ഏതു വിധേനയെങ്കിലും ഇതിൽ പ്രവേശിക്കാത്തവർ നിത്യരക്ഷ പ്രാപിക്കയില്ലാ എന്നും നാം ദൃഢമായി വിശ്വസിച്ചുപോരുന്നു. അന്യമതസ്ഥർ പരോക്ഷമായിട്ടെങ്കിലും നമ്മുടെ ദിവ്യവേദത്തെ സ്വീകരിക്കാതിരുന്നാൽ നിത്യഭാഗ്യത്തിന്നു അവകാശികളാകയില്ലാ എന്നു നാം അറിയുന്നു. ഇങ്ങിനെ ഇരിക്കെ സമസൃഷ്ടങ്ങളായ സകല മനുഷ്യരേയും നമ്മേപ്പോലെ സ്നേഹിക്കുന്നതിന്നു കടപ്പെട്ടവരായ നാം, അന്യമതസ്ഥർ ഇത്ര വലുതായ ഒരു നാശത്തിൽനിന്നു രക്ഷ പ്രാപിക്കണമെന്നു ആഗ്രഹിക്കയും അതിനായി യഥാശക്തി പരിശ്രമിക്കയും ചെയ്യാതെ ഇരിക്കുന്നതു ക്ഷന്തവ്യമൊ? ഒരുനാളുമല്ലാ. എന്നു തന്നെയല്ലാ, ദൈവം സകല മനുഷ്യരുടേയും പിതാവല്ലയൊ. അന്യമതസ്ഥരേയും നമ്മേയും അവിടന്നല്ലയൊ സൃഷ്ടിച്ചു പാലിച്ചുപോരുന്നതു്. നമ്മുടെ സ്നേഹബഹുമാനാദികൾക്കു എന്നപോലെ അവരുടേയും ആചരണശുശ്രൂഷകൾക്കു അവിടന്നു യോഗ്യനല്ലയൊ? നാം ദൈവത്തെ അറിയുന്നടത്തോളം തെളിവായി അവർ അറിയാത്തതുകൊണ്ടു് അവൎക്കു ഈശ്വരസ്നേഹം കുറയുന്നു. ആകയാൽ അവരും ദൈവത്തെ അറിയുന്നതിന്നിട വരുത്തേണ്ടതു നമ്മുടെ കടമയല്ലയൊ. നമ്മുടെ സ്നേഹയോഗ്യനായ ദൈവത്തെ അവരോടു നാമറിയിക്കയില്ലായെങ്കിൽ അവിടുത്തെ ബഹുമാനത്തിന്മേലും സ്തുതിമേലും നമുക്കു താല്പൎയ്യം ഇല്ലാ എന്നാണല്ലോ അനുമാനിയ്ക്കേണ്ടതു്. വേ

റെ വാക്കുകളായി പറഞ്ഞാൽ നാം ദൈവത്തെ സ്നേഹിക്കുന്നില്ലതന്നെ. എന്തുകൊണ്ടെന്നാൽ സ്നേഹിക്കുന്നവൻ തൻെറ സ്നേഹിതൻെറ ഗുണത്തെ സർവ്വഥാ കാംക്ഷിക്കയും വർദ്ധിപ്പിക്കുന്നതിന്നു പരിശ്രമിക്കയും ചെയ്യുന്നു. ദൈവത്തിന്, തൻെറ സൃഷ്ടികളും വാത്സല്യപ്രജകളുമായ മനുഷ്യരാൽ വണങ്ങപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതു പ്രസാദകരമല്ലയൊ? അവർ തന്നെ അറിയാതിരിക്കയും തൻെറ കല്പനകളെ ലംഘിക്കയും ചെയ്യുന്നതു അവിടുത്തേക്കു എത്ര ദുസ്സഹമായിരിക്കും. അതിനാൽ നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ അവിടുന്ന് ഇതരന്മാരാലും ബഹുമാനിക്കപ്പെടണമെന്നു നാം ആഗ്രഹിക്കേണ്ടിയിരിക്കുന്നു. എന്നു തന്നെയല്ലാ അതിന്നായി നാം സർവ്വാത്മനാ യത്നിക്കയും ചെയ്യണം.

൨. ദൈവം നമ്മുടെ രാജാവാകുന്നു. നാം അവിടുത്തെ പ്രജകളുമത്രെ. പൂർവ്വകാലത്തിൽ കർത്താവ് ഇസ്രായേൽ ജനത്തെ അവിടുത്തെ പ്രത്യേക ജനമായി തെരഞ്ഞെടുത്തു വിശേഷ വിധത്തിൽ പാലിച്ചുപോന്നു. ആയതുകൊണ്ടു അവരിൽനിന്നു പ്രത്യേക സ്നേഹബഹുമാനാദികളും ആവശ്യപ്പെട്ടിരുന്നു. അവർമൂലം പുറജാതിക്കാരും തന്നെ അറിഞ്ഞു സ്നേഹിക്കണമെന്നും ദൈവം കരുതിയിരുന്നു. സംഭവം അങ്ങിനെതന്നെ ആയിരുന്നുവെന്നതിന്നു ചരിത്രം സാക്ഷിയാണ്. ഇങ്ങിനെ എങ്കിൽ ഇസ്രായേൽ ജനത്തെക്കാൾ ദൈവത്തിൻെറ വിശേഷ സ്നേഹത്തിന്നും വാത്സല്യപരിപാലനസ്സും ഭാഗ്യം സിദ്ധിച്ചവരായ നമുക്ക് അവിടുത്തെ തിരുനാമത്തെയും രാജ്യത്തെയും പുറജാതികളുടെ ഇടയിൽ മഹത്വപ്പെടുത്തി വ്യാപിപ്പിക്കുന്നതിന്നുള്ള കടമ എത്രയൊ വലിയതു്. കൂടാതെയും ഓരോരോ ജാതിക്കാർ, രാജ്യക്കാർ മുതലായവർ തങ്ങളുടെ ജാതിയും രാജ്യവും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു കാണുന്നതിന്നു എത്രമാത്രം ഉൽക്കണ്ഠയോടെ ആഗ്രഹിച്ചും ശ്രമിച്ചും വരുന്നു. ഇപ്പോഴത്തെ ഭയങ്കരയുദ്ധത്തിൽ ഭാഗഭാക്കുകളായിരിക്കുന്ന രാജ്യക്കാർ തങ്ങളുടെ രാജ്യത്തിൻെറ ശ്രേയസ്സിന്നു ഹാനി വരാതിരിപ്പാനും പൂർവ്വാധികം പ്രതാപമുള്ളവയാകുന്നതിന്നും എത്രമാത്രം ആഗ്രഹിക്കുന്നു. ഈ ഉദ്ദേശ്യാർത്ഥം ബലികഴിക്കപ്പെടുന്ന ആളുകളുടെ സംഖ്യ എത്രയൊ ലക്ഷം. കടലിലും കരയിലും ആകാശത്തിലുമായി എത്ര വീരപരാക്രമികളാണ് രാപ്പകൽ ജീവനേപ്പോലും കൂട്ടാക്കാതെ ശത്രുക്കളോടു യുദ്ധം ചെയ്യുന്നതു്? എത്രയോ ലക്ഷം പവനാണ് അനുദിനം ഓരോ രാജ്യക്കാർ ചെലവിടുന്നതു്. രാജാവു മുതൽ കൃഷീവലൻ വരെയും കൊട്ടാരം മുതൽ കുടിൽ വരെയും ഇതിന്നായി സഹിക്കുന്ന കഷ്ടനഷ്ടങ്ങൾക്കും പ്രയത്നങ്ങൾക്കും അവസാനമുണ്ടോ. വൃദ്ധന്മാർ മുതൽ ബാലന്മാർ വരെയും തങ്ങളുടെ രാജ്യത്തിൻെറ ക്ഷേമത്തേപ്പററി ആകുലചിത്തന്മാരായിരിക്കുന്നു. ക്ഷണഭംഗുരങ്ങളും കേവലം ലൌകികങ്ങളുമായ രാജ്യസ്ഥാപനങ്ങളെപ്പററി ജനങ്ങൾ ഇത്ര കാര്യമായി മതിക്കുന്നു എങ്കിൽ മ്ശിഹായുടെ രാജ്യമായ തിരുസഭയുടെ ഉന്നതിയിലും പ്രചാരത്തിലും നാം എത്ര ഉൽസുകന്മാരായിരിക്കണം. ഒരു രാജാവിൻെറ പ്രീതിക്കും ബഹുമാന സംരക്ഷണസ്സുംവേണ്ടി കോടാകോടി മനുഷ്യർ തങ്ങളുടെ രക്തംകൂടി ചിന്തി പരിശ്രമിക്കുന്നുവെങ്കിൽ, ത്രിലോകനാഥനും, ദയാനിധിയുമായ ദൈവത്തിൻെറ രാജ്യസംരക്ഷണാർത്ഥം നാം എത്രമാത്രം ചെയ്യാലും മതിയാകുമെന്നു വരുമൊ. എന്നാൽ മനുഷ്യരുടെ ബോധാന്ധത എത്രയോ വലുതു്! നാമോരോരുത്തർക്കും വേണ്ടി അമൂല്യമായ രക്തം ചിന്തിയ മ്ശിഹായുടെ സ്തുതിക്കും, അവിടുത്തെ രാജ്യത്തിൻെറ വിസ്തീർണ്ണതയ്ക്കുമായി ഒരു വാക്കു പോലും ഉച്ചരിക്കുന്നതിന്നും, ഒരു കാലടിപോലും ഇളക്കുന്നതിന്നും നാം വിമുഖന്മാരായിരിക്കുന്നു. ഈ ഹൃദയകാഠിന്യം ക്ഷന്തവ്യമാണൊ? ഇക്കാര്യത്തിൽ നമുക്കു യാതൊന്നും ചെയ്യുന്നതിന്നു കഴിവില്ലായിരുന്നെങ്കിൽ അതു ഒരു ഒഴികഴിവായിരുന്നേനേ. എന്നാൽ ഇതിന്നുവേണ്ടി അനുദിനം ക്ഷണംതോറുമെന്നപോലെ നമുക്കു ചെയ്യാൻ പാടുള്ളവ അനേകങ്ങളാണ്. നമുക്കു മനസ്സുണ്ടായാൽ മാത്രംമതി.

൩. ദൈവരാജ്യപ്രചാരണത്തിനായി വേല ചെയ്യുമ്പോൾ നമുക്കും നാം

രാജ്യങ്ങളെ സമ്പാദിക്കുകയാണ് ചെയ്യുന്നത്. എന്തെന്നാൽ ശ്ലീഹന്മാർ സകലവും ഉപേക്ഷിച്ചു മ്ശിഹായെ അനുഗമിച്ചതിന് പ്രതിഫലമായി തങ്ങൾക്കു എന്തു ലഭിക്കുമെന്നു കർത്താവിനോടു ചോദിക്കയിൽ അവിടുന്നു ഉത്തരമായി നിങ്ങൾ ൧൨ സിംഹാസനങ്ങളിൽ ഇരുന്നു പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുമെന്നു പറഞ്ഞു. കൂടാതെയും എന്റെ പിതാവു എനിക്കു രാജ്യത്തെ നിയമിച്ചതുപോലെ ഞാൻ നിങ്ങൾക്കും രാജ്യത്തെ നിയമിക്കുന്നുവെന്നും കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. പിന്നെയും താലന്തുകളുടെ ഉപമയിൽ നല്ലപോലെ കച്ചവടം ചെയ്തവർക്കു ഗ്രാമങ്ങളെ ഭരണത്തിന്നായി ഏല്പിച്ചു. ഇങ്ങിനെ മ്ശിഹായുടെ രാജ്യത്തെ വർദ്ധിപ്പിക്കുന്നതിന്ന് പ്രയാസപ്പെടുന്ന സകലർക്കും ആകാശമോക്ഷത്തിൽ, തന്റെ രാജ്യത്തിൽ, പങ്കുണ്ടാകും. ആകയാൽ മ്ശിഹാക്കു രാജ്യത്തെ നേടുന്നതിനെന്നതിനേക്കാൾ നമുക്കുതന്നെ നേടുന്നതിന്നു നാം പ്രയാസപ്പെടുന്നുവെന്നു പറയാം. നാം മഹിമയുള്ളവരായി കാണുന്നതിന്ന് മ്ശിഹായിക്കുള്ള ആഗ്രഹംമൂലം അവിടുന്ന് നമ്മെ അനുഗ്രഹത്താലും വരപ്രസാദത്താലും സഹായിക്കയത്രേ ചെയ്യുന്നത്. ആയതുകൊണ്ട് ഇതിന്നായി നാം എത്ര പ്രയാസപ്പെടുമോ അത്രയും മോക്ഷത്തിൽ നമ്മുടെ ഭാഗ്യവും വലുതായിരിക്കും.

൪. ദൈവം മനുഷ്യരുടെ രക്ഷയ്ക്കായി ചെയ്തിരിക്കുന്ന വലിയ കാര്യങ്ങൾ തന്നെ നമ്മെ ഇക്കാര്യത്തിൽ ഉണർച്ചയുള്ളവരാക്കേണ്ടിയിരിക്കുന്നു. ഭൂമിയുടെ ആരംഭംമുതൽ ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കും ക്ഷേമത്തിന്നുമായി അവിടുന്നു എന്തെല്ലാമാണ് ചെയ്തിരിക്കുന്നത്. പൂർവ്വപിതാക്കന്മാരായ അബ്രാഹം, ഇസഹാക്കു, യാക്കോബ് എന്നവരോടു അവിടുന്നു ചെയ്ത സംഭാഷണങ്ങളും വാഗ്ദാനങ്ങളും എത്ര മനോഹരങ്ങൾ. കാലക്രമത്തിൽ ജനങ്ങളെ ദൈവശുശ്രൂഷയിൽ നയിക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും അവിടുന്ന് യാത്രയാക്കിയ ദീർഘദർശികൾ എത്ര? ജനങ്ങൾ വഴി തെറ്റി ദൈവാരാധനയെ വിട്ടുപേക്ഷിച്ചിരുന്നപ്പോൾ രക്ഷാകരങ്ങളായ ശിക്ഷകളേയും ശാസനകളേയും എത്രയൊ പ്രാവശ്യം അവിടുന്നു യാത്രയാക്കി അവരെ അവരുടെ തെറ്റിൽനിന്നു രക്ഷിച്ചു. പ്രകൃതിയുടെ നിശ്ചിതങ്ങളായ നിയമനങ്ങൾ മാറ്റിക്കൊണ്ട് എത്രയൊ പ്രാവശ്യമാണ് അവരുടെ മുമ്പാകെ അത്ഭുതങ്ങളെ പ്രവർത്തിച്ചത്. കടശി ദൈവം, അവിടുത്തെ ഏകപുത്രനെത്തന്നേയും മനുഷ്യരുടെ പക്കൽ യാത്രയാക്കിയില്ലയൊ. "കർത്താവെ! നീ മനുഷ്യനെ ഓർമ്മിക്കാൻ അവൻ എന്താകുന്നു" എന്നു ദാവീദുനിവ്യാ അത്ഭുതപ്പെട്ടുകൊണ്ടു ചോദിക്കത്തക്കവണ്ണം അത്ര ദൂരവ്യത്യാസമാണ് ദൈവവും മനുഷ്യനും തമ്മിലുള്ളത്. എന്നിരുന്നാലും സർവ്വശക്തനായ സർവ്വേശ്വരൻ തന്റെ തിരുക്കുമാരന്റെ രക്തത്തേയും ജീവനേത്തന്നെയും മനുഷ്യരുടെ പാപപരിഹാര ബലിയായി കൈക്കൊണ്ടു. കൂടാതെ ഇടവിടാതെ തന്റെ കുമാരൻ മനുഷ്യരുടെ ഇടയിൽ അവരുടെ സഹവാസിയായി ജീവിക്കുന്നതിന്നും അവരുടെ അനുദിന ഭക്ഷണവും പാനീയവുമാകുന്നതിന്നും തിരുമനസ്സായി. അവിടുത്തെ തിരുക്കുമാരന്റെ ആഗ്രഹപ്രകാരം പാപങ്ങളെ പൊറുക്കുന്നതിനുള്ള വരംകൂടെ മനുഷ്യരിൽ പുരോഹിതന്മാർക്കു നൽകുവാൻ അനുവദിച്ചു. ഇത്രയുമല്ലാ സകല ജഡത്തിന്മേലും തന്റെ പരിശുദ്ധാരൂപിയെ അവിടുന്നു യാത്രയാക്കി. ഈ പരിശുദ്ധാരൂപി ഇതഃപര്യന്തം സകല ലോകത്തിലും ചെയ്തുവരുന്ന വിസ്മയജനകമായ പ്രവൃത്തികൾ എണ്ണുന്നതിന്നോ വിവരിക്കുന്നതിന്നോ കഴിയുന്നതാർ. പലപല ഭാഷകൾ സംസാരിക്കുന്നതിന്നും മരിച്ചവരെ ഉയിർപ്പിക്കുന്നതിന്നും ദീനങ്ങളെ പെട്ടെന്നു സുഖമാക്കുന്നതിന്നും പിശാചുക്കളെ ഓടിക്കുന്നതിന്നും വായുവിനോടും കടലിനോടും കല്പിക്കുന്നതിന്നും എന്നു വേണ്ടാ നാനാപ്രകാരേണയുള്ള അത്ഭുതങ്ങളെ ചെയ്യുന്നതിന്ന് എത്രയൊ ദൈവദാസന്മാർക്കാണ് അവിടുന്നു വരം നൽകിയിരിക്കുന്നത്. ക്രൂരതമങ്ങളായ ശിക്ഷകൾ അനുഭവിച്ചിട്ടും മ്ശിഹായെ ഉപേക്ഷിക്കാതെ അവിടുത്തെ ദിവ്യവേദത്തെ അനുസരിച്ച രക്തസാക്ഷികൾ സാക്ഷാൽ ആകാശത്തിലെ നക്ഷത്രങ്ങ

ൾപോലെ അസംഖ്യങ്ങൾ അല്ലയൊ. ഇവയും അവൎണ്ണനീയങ്ങളായ മററനേകം മനോഗുണങ്ങളും മനുഷ്യരക്ഷയ്ക്കായി ദൈവം ചെയ്തിട്ടുണ്ട്. ആകയാൽ ദൈവം ഇത്ര കാൎയ്യമായി മതിക്കുന്ന ആത്മരക്ഷയിൽ നാം ഉദാസീനന്മാരായിരുന്നാൽ അതു് എത്രയൊ ലജ്ജാവഹവും നിന്ദ്യവുമായിരിക്കും.

൫. ഒരു ആത്മാവിൻെറ നാശം എത്രയൊ ഭയങ്കരമായ സംഭവമാണെന്നു നാം ആലോചിക്കുമ്പോൾ ആത്മരക്ഷമേൽ കൂടുതലായ താല്പൎയ്യം നമ്മിൽ ജനിക്കും. നാം വസിക്കുന്ന ഭൂമി എത്രയും അലങ്കാരമുള്ളതും വിശിഷ്ടമായതുമായ ഒരു ഗോളമാണ്. എങ്കിലും വലിപ്പത്തിലും പ്രഭയിലും ഇതിനെ അതിശയിക്കുന്ന എത്ര ഗോളങ്ങളും നക്ഷത്രങ്ങളുമാണ് അന്തരീക്ഷത്തെ അലങ്കരിക്കുന്നതു്. എന്നാൽ ദൃശ്യമായ ഈ ചരാചരവസ്തുക്കളെല്ലാം ഒരു മനുഷ്യാത്മാവിനോടു താരതമ്യപ്പെടുത്തുന്നതായാൽ എത്രയും നിസ്സാരമെന്നു പറയണം. മുൻ പറഞ്ഞവയെല്ലാം മനുഷ്യൻെറ ഉപകാരത്തിന്നായി ദൈവം സൃഷ്ടിച്ചവയാണ്. മനുഷ്യനെ ആകട്ടെ അവയൊക്കെയുടേയും അധിപതിയായിട്ടത്രേ ദൈവം നിയമിച്ചിരിക്കുന്നതു്. ഇവയൊക്കയിലുംവച്ചു് സ്രഷ്ടാവായ ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ശക്തിയുള്ളവനായി മനുഷ്യൻ മാത്രമേയുള്ളു. ദൈവത്തേപ്പോലെ അശരീരിയും, ബുദ്ധി, ചൈതന്യം എന്ന തത്വങ്ങൾ ഉള്ളവനും ആയിരിക്കകൊണ്ടു് ദൈവത്തിൻെറ സാദൃശ്യം അവനിൽ പരിലസിക്കുന്നു. തൻമൂലം ഈശ്വരസന്നിധിയിൽ അവൻ വിശേഷ വിധിയായി മതിക്കപ്പെടുന്നു. പ്രകൃത്യാ ഇത്ര വിലയേറിയ മനുഷ്യാത്മാവിൻെറ മാഹാത്മ്യം വീണ്ടെടുപ്പിൻെറ ശേഷം ഒരു വിധത്തിൽ അളവില്ലാത്തതായി തീൎന്നു. ഒരു വസ്തുവിൻെറ വില അതിന്നു പകരമായി അല്ലെങ്കിൽ അതിനെ ലഭിക്കുന്നതിന്നായി നാം കൊടുക്കുന്ന സാധനത്താൽ നിൎണ്ണയിക്കപ്പെടുന്നുവല്ലൊ. ഇപ്രകാരം ആകുന്നുവെങ്കിൽ ദൈവപുത്രനായ മ്ശിഹാ തൻെറ രക്തം ചിന്തികൊണ്ടു വീണ്ടുരക്ഷിച്ച മനുഷ്യാത്മാവിനെ അവിടുത്തെ തിരുരക്തത്തിന്നു സമമായി അവിടുന്നു കരുതുന്നുവെന്നു സിദ്ധിക്കുന്നുണ്ടല്ലോ. ഒരാത്മാവിൻെറ നാശം അവിടുത്തെ തിരുരക്തത്തിൻെറ നാശംപോലെ അവിടുത്തേക്കു അത്ര വ്യസനകരമാണെന്നു പറയേണ്ടിയിരിക്കുന്നു. അതിനാൽ ഒരാത്മാവിനെ നിത്യനാശത്തിൽ നിന്നു രക്ഷിക്കുന്നവൻ മിശിഹായുടെ തിരുരക്തത്തെ സംരക്ഷിക്കുന്നതുപോലെ ആയിരിക്കുന്നു. ഇതിനേക്കാൾ വലുതായ ഒരു സൽകൃത്യം ചെയ്യാനുണ്ടോ.

൬. വെള്ളത്തിൽവീണു മുങ്ങിച്ചാകുവാൻപോകുന്ന ഒരുത്തനെ ആ ആപത്തിൽനിന്നു രക്ഷിക്കുന്നവൻ വലുതായ ഒരു പരോപകാരപ്രവൃത്തി ചെയ്യുവെന്നു എല്ലാവരും സമ്മതിക്കും. ഇപ്രകാരംതന്നെ തീനരകത്തിൽ വീഴുവാനുള്ള ആപത്തിൽനിന്നു ഒരുവനെ നാം രക്ഷിക്കയാണെങ്കിൽ നാം ചെയ്യുന്ന കൃത്യം എത്രയോ സ്തുത്യർഹവും കൃതജ്ഞതാർഹവുമാണ്.

൭. ഒരു കുരുടൻ വഴിതെററി സമീപേയുള്ള പൊട്ടക്കിണററിൽ വീഴുവാൻ പോകുന്നു എന്നു നാം കണ്ടിട്ടും ആ വിപത്തു സംഭവിക്കാതിരിപ്പാൻ തക്കവണ്ണം നാം അവനെ പിടിച്ചു മാററുകയില്ലായെങ്കിൽ നാം മഹാ കഠിനഹൃദയന്മാർ എന്നല്ലേ പറയേണ്ടതു്. ഇങ്ങിനെ എങ്കിൽ അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായി നേർവഴി കാണാതെ നാശക്കുപത്തിലേക്കു ക്ഷണംതോറും ചെന്നു പതിക്കുന്ന അനേക ലക്ഷം അജ്ഞാനികളുടെ ഇടയിൽ വസിക്കുന്നവരായ നാം അവരുടെ മാനസാന്തരാൎത്ഥം യാതൊന്നും ചെയ്യുകയില്ലെങ്കിൽ നമ്മുടെ ഹൃദയങ്ങൾ പാറകളേക്കാൾ കടുത്തവയെന്നു പറയേണ്ടതല്ലയൊ. ആകയാൽ വേദപ്രചാരണത്തിനായി നാം ചെയ്യേണ്ടവയെപ്പററി അടുത്ത അവസരത്തിൽ വിവരിക്കുന്നതാണ്.

[illegible]

## പുതിയ കാനൻലോ.

വിശുദ്ധ കത്തോലിക്കാ സഭയുടെ ആരംഭം മുതൽ സഭയുടെ ശരിയായ നടത്തിപ്പിന്നു ആവശ്യമായ അനവധി നിയമങ്ങൾ ഓരോ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള നിയമങ്ങൾ ആദ്യം ആകമാനസൂനഹദോസുകളിലും മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകളിലും തിരുസംഘങ്ങളുടെ നിർണ്ണയങ്ങളിലും മററും അടങ്ങിയിരുന്നു. അനന്തരം അവയെ ശാസ്ത്രജ്ഞന്മാർ കൂട്ടിച്ചേർത്തു ഓരോ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഈ വിധ നിയമസംഗ്രഹങ്ങൾ മൂന്നു തരമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ Jus Antiquum "പൂർവ്വനിയമം" എന്നു പേരായ ഒന്നാമത്തെ സംഗ്രഹം തിരുസഭയുടെ ആരംഭം മുതൽ ൧൧൫൦ വരെയുള്ള നിയമങ്ങളെ അടക്കിക്കൊള്ളുന്നു; ഇതു ഗ്രസ്യാൻ എന്ന മഹാശാസ്ത്രിയുണ്ടാക്കി. Jus Novum "നവനിയമം" എന്നു പറയപ്പെടുന്ന രണ്ടാമത്തെ സംഗ്രഹം ഗ്രസ്യാൻ എന്ന ശാസ്ത്രിയുടെ കാലം മുതൽ ൧൫൬൩-ൽ ത്രെന്തോസ് സൂനഹദോസ് വരെയുള്ള നിയമങ്ങൾ അടക്കിക്കൊള്ളുന്നു. Jus Novissimum "നവതമനിയമം" എന്നു വിളിക്കപ്പെടുന്ന മൂന്നാമത്തെ സംഗ്രഹത്തിൽ ത്രെന്തോസ് സൂനഹദോസ് മുതൽ നമ്മുടെ കാലംവരെയുള്ള നിയമങ്ങളാണ് അടങ്ങിയിരിക്കുന്നതു്. ഈ മൂന്നു സംഗ്രഹങ്ങളിൽ അടങ്ങിയ പല പല നിയമങ്ങൾ കാലഭേദം കൊണ്ടും ഓരോ സംഗതികളുടെ സാഹചര്യങ്ങൾ മാറിപ്പോയതുകൊണ്ടും ഉപയോഗശൂന്യമായി തീർന്നിട്ടുണ്ട്. മററനേക നിയമങ്ങൾ ഇപ്പോൾ അനുസരിപ്പാൻ കടമുണ്ടോ ഇല്ലയൊ എന്ന നിലയിലും എത്തിയിരിക്കുന്നു. കാലോചിതങ്ങളായ പല നിയമങ്ങൾ മൂലം അനേക സംഗതികളെ ക്ലിപ്തപ്പെടുത്തേണ്ടതായിട്ടുമുണ്ടായിരുന്നു ഈ കാരണങ്ങളാൽ (കാനൻലോ) പഠിക്കുന്നവർക്കു വളരെ അസൌകര്യങ്ങൾ നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ മാറേറണ്ടവയെ മാററിയും ചേർക്കേണ്ടവയെ ചേർത്തും ഉത്തമരീതിയിൽ രചിക്കപ്പെട്ട പുതിയ കാനൻലൊ പുസ്തകം ഇതാ കത്തോലിക്കലോകത്തിന്നു ആകപ്പാടെ സന്തോഷവിഷയമായിരിക്കുന്നു. "സകലവും മ്ശിഹായിൽ നവീകരിക്കണമെന്നുള്ള ആഗ്രഹത്തോടെ ധൈര്യസമേതം പരിശ്രമിച്ച പരിശുദ്ധനായ ൧൦-ാം പീയൂസ് മാർപ്പാപ്പായുടെകല്പനയാലുണ്ടാക്കപ്പെട്ടതും ൧൯൧൭ സെപ്റ്റംബർ൧൫ാംനു- പരിശുദ്ധ പിതാവ് ൧൫-ാം ബെനദിക്തോസ് മാർപ്പാപ്പായാൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ ഈ ഉത്തമ പുസ്തകം കത്തോലിക്കാ തിരുസഭയ്ക്കു എന്നും നിൽക്കത്തക്ക ഒരു സമ്പത്താണ്. ഈ നിയമഗ്രന്ഥം രചിക്കുന്നതിന്നു നിശ്ചയിക്കപ്പെട്ട കമ്മട്ടിക്കാർ ൧൨ വത്സരത്തെ സ്ഥിരോത്സാഹത്തോടുകൂടിയ പരിശ്രമം ചെയ്യാൻ ആവശ്യപ്പെട്ടു. പഴയതും പുതിയതുമായ നിയമങ്ങളെ എല്ലാം ക്രോഡീകരിച്ചുണ്ടാക്കപ്പെട്ട ഈ പുസ്തകത്തിൽ (൨൧൧൪) രണ്ടായിരത്തി ഒരു നൂററി പതിനാലു കാനോനകൾ അടങ്ങിയിരിക്കുന്നു. ഈ കാനോനാകളെ അഥവാ നിയമങ്ങളെ അഞ്ചു വലിയ ഭാഗങ്ങളായിട്ടു തിരിച്ചിരിക്കുന്നു. തിരുസഭയിൽ സകല അന്തസ്സിലുമുള്ള ആളുകളെക്കുറിച്ചും, തിരുസ്ഥലങ്ങൾ, കൂദാശകൾ, പള്ളിവസ്തുക്കൾ, കേസുവിസ്താരങ്ങൾ, ശിക്ഷകൾ എന്നിവയെപ്പററിയും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ നിയമം ലത്തീൻ സഭയെമാത്രമെ കടപ്പെടുത്തുന്നുള്ളു. ഗ്രേക്കർ, സുറിയാനിക്കാരാദിയായ കിഴക്കൻ സഭക്കാരെ സംബന്ധിക്കുന്നില്ല. വിശ്വാസം, സന്മാർഗ്ഗം എന്നീ വിഷയങ്ങളിൽ ഉണ്ടാകുന്ന പൊതുനിയമങ്ങൾ മാത്രം എല്ലാ സഭകളേയും സംബന്ധിക്കുന്നതാണ്. ഭരണ വിഷയത്തിലുണ്ടാകുന്ന നിയമങ്ങൾ കിഴക്കൻ സഭക്കാരെ സാധാരണ സംബന്ധിക്കയില്ല. കിഴക്കൻസഭകളുടെ പൂർവ്വപാരമ്പര്യ നടപടികളേയും, അതാതു സഭകൾ അനുസരിച്ചുവരുന്ന ക്രമചട്ടങ്ങളേയും ആചരിച്ചു നടന്നുകൊള്ളുന്നതിന്നു തിരുസിംഹാസനം ഇപ്രകാരം അനുവദിക്കുന്നതു് ഒരു മഹാ അനുഗ്രഹമാണ്.

ചാ. ദ. ഫ.

## ഭക്തജീവിതപ്രവേശനം.

ഒന്നാം ഭാഗം.

ഇതിൽ, ഒരാത്മാവിനെ അതിൻെറ പ്രഥമാഗ്രഹം മുതൽ ഒരു ഭക്തജീവിതം സ്വീകരിപ്പാൻ പൂൎണ്ണനിശ്ചയം ചെയ്യിക്കുന്നതുവരെ ഭരിക്കേണ്ട ഉപദേശങ്ങളും അഭ്യാസങ്ങളും അടങ്ങിയിരിക്കുന്നു.

### അദ്ധ്യായം ഒന്ന്.

### സാക്ഷാൽ ഭക്തി.

എൻെറ ഏററവും പ്രിയപ്പെട്ട ഫിലോത്തയേ! നീ ഭക്തിയെ ആഗ്രഹിക്കുന്നു. എന്തെന്നാൽ ഒരു ക്രിസ്ത്യാനിയായിരിക്കകൊണ്ട് അതു ദൈവമഹത്വത്തിന്നേററം പ്രസാദിക്കുന്ന ഒരു സുകൃതമാണെന്നു നിനക്കറിയാം. എന്നാൽ ഏതൊരു പ്രവൃത്തിയുടേയും ആരംഭത്തിൽ ചെയ്യപ്പെടുന്ന ചെറിയ കുററങ്ങൾ അതിൻെറ അഭിവൃദ്ധിയിൽ വളരെ വലിയവയായും അവസാനത്തുങ്കൽ മിക്കവാറും അപരിഹാൎയ്യമായും തീരുന്നതിനാൽ, പ്രഥമതഃ ഭക്തിയെന്താണെന്നു നീ ഗ്രഹിക്കണം. കാരണം, സാക്ഷാൽ ഭക്തി ഒന്നുമാത്രവും കപടവും വഞ്ചകവുമായ ഭക്തി അനേകവുമാണ്. ശരിയായിട്ടുള്ളതിനെ നീ തിരിച്ചറിയുന്നില്ലെങ്കിൽ വല്ല അവാസ്തവവും മിത്ഥ്യവുമായ ഭക്തിയിൽ രസിച്ച് നീ നിന്നെത്തന്നെ എളുപ്പത്തിൽ തട്ടിച്ചേക്കും. അവുറേലിയസ് എന്ന ചിത്രമെഴുത്തുകാരൻ താൻ സ്നേഹിച്ചിരുന്ന സ്ത്രീയുടെ ഭാവത്തിലും സാദൃശ്യത്തിലും ആണ് രൂപങ്ങൾ വരച്ചുവന്നതു്. ഇപ്രകാരം ഓരോരുത്തരും അവരവരുടെ സ്വന്തവാസനയും അഭീഷ്ടവുമനുസരിച്ച് ഭക്തിയെ വൎണ്ണിക്കുന്നു. നോമ്പുനോററു ശീലിച്ചിരിക്കുന്നവൻ ഉപവസിക്കുമ്പോൾ താനേതന്നെ ഭക്തനെന്നു വിചാരിക്കുന്നു; എന്നാലും അതേസമയം അവൻെറ ഹൃദയം ശത്രുതകൊണ്ടു നിറഞ്ഞിരുന്നേക്കാം. ലഹരിഭയന്നു് തൻെറ നാക്കിനെ വീഞ്ഞുകൊണ്ടോ അഥവാ പച്ചവെള്ളംകൊണ്ടോ നനയ്ക്കുന്നതിനു മടിക്കുന്നവൻ, ഏഷണിയാലും അപവാദത്താലും തൻെറ അയല്ക്കാരനെ ഉപദ്രവിക്കുന്നതിനു ഉത്സാഹിച്ചേക്കാം. വേറൊരുത്തൻ ദിവസംതോറും പലവിധ ജപങ്ങൾ ചെയ്യുന്നതിനാൽ താൻ ഭക്തനെന്നു വിചാരിക്കയും, അവ കഴിയുന്നയുടൻതന്നെ വീട്ടുകാരുടേയും അയൽവാസികളുടേയും മദ്ധ്യേ ഗൎവ്വിഷ്ഠവും ദുസ്സഹവും ആപൽക്കരവുമായ വാക്കുകളെ പറകയും ചെയ്യുന്നു. മററൊരുത്തൻ സാധുക്കളെ സഹായിപ്പാൻ ഉത്സാഹിയും സന്തോഷത്തോടെ മടിശ്ശീലയിൽ നിന്നും പണമെടുത്തു ദാനംചെയ്യുന്നവനുമായിരിക്കും. എന്നാൽ തൻെറ ഹൃദയത്തിൽനിന്നും ക്ഷമയെടുത്തു ശത്രുക്കൾക്ക് അവൻ മാപ്പുകൊടുക്കുന്നില്ല. വേറൊരാളാകട്ടെ, ശത്രുക്കളോടു ക്ഷണത്തിൽ പൊറുക്കുന്നു, പക്ഷേ ഹേമിച്ചെങ്കിൽമാത്രമെ കടക്കാരൻെറ കടം വീട്ടുന്നൊള്ളു. ഇപ്രകാരമുള്ളവരെ ചിലർ ഭക്തരെന്നു വിചാരിക്കുന്നു. എന്നാൽ സാക്ഷാൽ അവർ യാതൊരുവിധത്തിലും അപ്രകാരമുള്ളവരല്ല.

മൈക്കൊൾ ഒരു പ്രതിമയെ ദാവീദിൻെറ വസ്ത്രംകൊണ്ടുമൂടി അതു് ദാവീദാണെന്നു സൌളിൻെറ ഭൃത്യന്മാരെ ധരിപ്പിച്ചതുപോലെ, പലരും ആഭ്യന്തരങ്ങളായ ചില ഭക്തകൃത്യങ്ങളാൽ തങ്ങൾ യഥാൎത്ഥഭക്തരെന്നു ലോകത്തെ വിശ്വസിപ്പിക്കുന്നു. ഇപ്രകാരമുള്ളവർ ഭക്തിയുടെ പ്രതിമകളും മൂൎത്തികളുമല്ലാതെ മററൊന്നുമല്ല.

ഫിലോത്തയാ, ഭക്തിപൂൎണ്ണമായ ഒരുത്തമ ദൈവസ്നേഹത്തെ സൂചിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, ദൈവസ്നേഹം ആത്മാവിനെ അലങ്കരിക്കുന്നിടത്തോളം, അതു നമ്മേ ദൈവസ്നേഹിതരാക്കുന്ന വരപ്രസാദമെന്നു വിളിക്കപ്പെടുന്നു. നന്മചെയ്യുന്നതിനു നമുക്കു ശക്തിതരുമ്പോൾ അതു്, സ്നേഹമെന്നു പറയപ്പെടുന്നു. എന്നാൽ നമ്മേ നന്മചെയ്യിക്കുന്നതിനും പുറമെ ജാഗ്രതയോടും പതിവായും നിമിഷത്തിലും ചെയ്യിക്കുന്ന പുണ്യസാംഗോപാംഗത്തിൻെറ ആ പദവിയിൽ നമ്മുടെ സ്നേഹമെത്തുമ്പോളാണ് അതു ഭക്തിയെന്നു് സംബോധന ചെയ്യപ്പെടുന്നതു്.

ഒട്ടകപ്പക്ഷികൾ പറക്കുന്നില്ല, കോഴി അപൂൎവ്വമായി വിഷമപ്പെട്ടു പറക്കുന്നു.

കഴുകൻ, പ്രാവ്, കുരുവി ഇവ സാധാരണയായി വേഗത്തിൽ പൊങ്ങിപ്പറക്കുന്നുണ്ട്. ഇപ്രകാരം പാപികൾ ദൈവത്തിൻപക്കലേക്കു പറക്കാതെ ലൌകികവസ്തുക്കളെമാത്രം നോക്കിക്കൊണ്ട് ഭൂമിയിൽ കിടന്നിഴയുന്നു. ഇനിയും ഭക്തിപ്രാപിച്ചിട്ടില്ലാത്ത നല്ല ആളുകൾ അപൂർവ്വമായി, സാവധാനമായി പ്രയാസപ്പെട്ട് തങ്ങളുടെ നല്ല പ്രവൃത്തികളാൽ ദൈവസന്നിധിയിലേക്കു പറക്കുന്നു. എന്നാൽ ഭക്തർ വേഗതയോടെ പലപ്പോഴും ഉയർന്നുപറന്ന് ദൈവസാമീപ്യം പ്രാപിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ഭക്തിയെന്നതു് നമ്മിൽ പ്രവർത്തിക്കുന്ന അഥവാ, ഉത്സാഹത്തോടും ആദരവോടുംകൂടി നമ്മെ പ്രവർത്തിപ്പിക്കുന്ന സ്നേഹത്തിന്റെ ആദ്ധ്യാത്മിക വേഗതയും ചൊടിയുമാണ്. ലംഘിക്കാതെ ദൈവപ്രമാണങ്ങളെല്ലാം പൊതുവായി നമ്മെ അനുഷ്ഠിപ്പിക്കുക സ്നേഹത്തിന്റെ ജോലിയാകുന്നതുപോലെ, അവയെ അധികം പൂർണ്ണമായും ശ്രദ്ധയായും അനുഷ്ഠിപ്പിക്കുന്നതു് ഭക്തിയുടെ ഒരു ധർമ്മമാകുന്നു. അതിനാൽ ദൈവപ്രമാണങ്ങളെല്ലാം അനുഷ്ഠിക്കാത്തവനെ നല്ലവനെന്നോ ഭക്തനെന്നോ വിചാരിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ, നല്ലവനാവാൻ അവനു സ്നേഹമുണ്ടായിരിക്കയും ഭക്തിമാനായിരിപ്പാൻ സ്നേഹത്തിനുപുറമെ സ്നേഹപ്രവൃത്തികൾ ചെയ്യുന്നതിൽ സന്തോഷവും ജാഗ്രതയും പ്രദർശിപ്പിക്കയുംവേണം.

ഇപ്രകാരം ഭക്തി, സ്നേഹത്തിന്റെ ഏതോ ഒരു ഉത്തമപദവിയിൽ അടങ്ങിയിരിക്കുന്നു; അതിനാൽ ദൈവികപ്രമാണാനുഷ്ഠാനത്തിൽ അതു നമ്മെ ജാഗരൂകരും ചൊടിയുള്ളവരും ആക്കിത്തീർക്കയും ചെയ്വാൻ കല്പിക്കാതെ ഉപദേശിക്കുന്ന സകല നന്മപ്രവൃത്തികളേയും പ്രത്യേക നിഷ്കർഷയോടെ അനുഷ്ഠിക്കുന്നതിനു നമ്മെ ഉത്സാഹിപ്പിക്കയും ചെയ്യുന്നു. ദീനത്തിൽനിന്നും സ്വാസ്ഥ്യത പ്രാപിച്ചയുടനെ ഒരാൾ തനിക്കു ആവശ്യമെന്നു തോന്നുന്നിടത്തോളം സാവധാനത്തിലും സാവകാശത്തിലും നടക്കുന്നു. ഇതുപോലെയാണു പാപത്തിൽനിന്നും മാറിയ ഉടനെ ഒരുത്തൻ ഭക്തിയെ പ്രാപിക്കുവോളം സാവധാനത്തോടും വിഷമതയോടും കൂടെ ദൈവകല്പനകൾ അനുസരിച്ചു പ്രവർത്തിക്കുന്നതും. അതു പ്രാപിച്ചുകഴിഞ്ഞാൽ അയാൾ നടക്കുകമാത്രമല്ല, പൂർണ്ണസുഖമുള്ള ഒരാളെപ്പോലെ ദൈവപ്രമാണാനുഷ്ഠാനമാർഗ്ഗത്തിൽകൂടി ഓടിച്ചാടുക കൂടെ ചെയ്യുന്നു. വിശിഷ്യ, സ്വർഗ്ഗീയഗുണദോഷങ്ങളും പ്രേരണകളുമനുസരിച്ച് അയാൾ പെട്ടെന്ന് അഭിവൃദ്ധിപ്പെടുകയുംചെയ്യും. ഒററവാക്കായിപ്പറഞ്ഞാൽ, അഗ്നിയും അഗ്നിജ്വാലയും തമ്മിൽ എന്തു വ്യത്യാസമുണ്ടോ അത്രയും വ്യത്യാസം സ്നേഹവും ഭക്തിയും തമ്മിലുണ്ട്. സ്നേഹം ഒരു ആത്മീയാഗ്നിയാണ്. കത്തുമ്പോൾ അതിനെ ഭക്തിയെന്നു വിളിക്കുന്നു. ഇങ്ങനെ ഭക്തി, സ്നേഹാഗ്നിക്കു ജ്വാലയെ ഒഴിച്ചു മററു യാതൊരു വർദ്ധനവിനേയും വരുത്തുന്നില്ല. ഈ ജ്വാല ദൈവപ്രമാണാനുഷ്ഠാനത്തിൽ മാത്രമല്ല, ദൈവികോപദേശങ്ങളേയും പ്രേരണകളേയും അനുവർത്തിക്കുന്നതിനും ഭക്തിയെ സന്നദ്ധവും ഉത്സാഹവുമുള്ളതാക്കുകൂടി ചെയ്യുന്നു.

---

## വിശുദ്ധന്മാരോടുള്ള വണക്കം

ഒരു സംഭാഷണം. (തുടർച്ച.)

സൈമൺ— ശരി. അങ്ങനെതന്നെയാണ്, ഇതിൽ നമ്മുടെ ഡോക്ടരുടെ അഭിപ്രായം എങ്ങനെയോ. ഡോ.— നമ്മുടെ സ്നേഹിതന്റെ ലക്ഷണോക്തി ശരിയെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ അതുകൊണ്ടു എന്തുഗുണമാണ് നമ്മുടെ തർക്കവിഷയത്തിലെന്നു എനിക്കു മനസ്സിലാകുന്നില്ല. സൈ.— എന്തു ഗുണമെന്നോ— വളരെ വളരെ ഗുണമുണ്ട്. അതു നിങ്ങളെ ക്രമേണ ഞാൻ ബോധപ്പെടുത്താം. ഓരോരൊ പ്രകാരത്തിൽ വിശ്രുതന്മാരായിത്തീർന്നിട്ടുള്ളവരെ ബഹുമാനിക്കുന്നതും അവരുടെസ്മരണയ്ക്കായി സ്മാരകങ്ങളേയും മററും ഉണ്ടാക്കുന്നതും പൂർവ്വികമായിത്തന്നെ നടന്നുവരുന്നതാണല്ലൊ. ഇങ്ങനെ ചെയ്യാത്ത യാതൊരു രാജ്യക്കാരേയും നാം കാണുകയില്ല. രായർ— 'നിങ്ങൾ പറയുന്നതു സർവ്വഥാ ശരിയാണ്. നമ്മു

ടെ ഡോക്ടർക്കുപോലും അതു സമ്മതിക്കയല്ലാതെ ഗത്യന്തരമില്ല. വിർജിൽ, സീസർ, സിസറോ മുതലായ വിശ്രുതന്മാർ റോമ്മാക്കാരാൽ എങ്ങനെ ബഹുമാനിക്കപ്പെട്ടിരുന്നോ അതിലൊട്ടും കുറവുകൂടാതെ ഗ്രീക്കുകാർ ഹോമ്മർ മിൽത്തിയാദസ്, ദെമൊസ്ത്തെനസ് മുതലായവരെ മാനിച്ചിരുന്നു. ഈ ഇൻഡ്യയിൽ തന്നെ ഞങ്ങളുടെ സ്നേഹബഹുമാനാദികൾക്ക് അർഹന്മാരായ കവികളും യുദ്ധവീരന്മാരും മററും ഉണ്ടായിട്ടുണ്ട. ഞങ്ങൾ അവരെ ഇപ്പോഴും ബഹുമാനിച്ചുവരുന്നു. ഇതിൽ യാതൊരു ന്യൂനതയും ഞാൻ കാണുന്നില്ല എന്നു മാത്രമല്ല. ഏതാദൃശന്മാരെ ബഹുമാനിക്കുന്നതു നമ്മുടെ കടമയാണെന്നു ഞാൻ വിചാരിക്കയും ചെയ്യുന്നു. സൈ— ഇതിൽ നിങ്ങൾ യാതൊരു ന്യൂനതയും കാണുന്നില്ലെങ്കിൽ, മഹാന്മാരെ ബഹുമാനിക്കുന്നതു കടമയാണെന്നു നിങ്ങൾ വിചാരിക്കുന്നെങ്കിൽ മിസ്റ്റർ രായരേ! ക്രിസ്ത്യാനികളായ ഞങ്ങൾക്കു അങ്ങനെ പാടില്ലെന്നു വരുന്നതെങ്ങനേ. തങ്ങളുടെ പരിശുദ്ധതകൊണ്ടു കീർത്തിപ്പെട്ടവരെ അല്ലേ ഞങ്ങൾ ബഹുമാനിക്കുന്നതു? സത്യത്തിനും നീതിക്കും വേണ്ടി ധൈര്യപൂർവ്വം പോരാടി ലോകത്തേയും മാംസത്തേയും സാത്താനേയും ജയിച്ച വിശുദ്ധന്മാർ, നാടും നഗരവും മററും കീഴടക്കിയവരാണെങ്കിലും പലപ്പോഴും ദുരാശയ്ക്കും മററു വികാരങ്ങൾക്കും തങ്ങളെത്തന്നെ അടിമകളാക്കിയിട്ടുള്ള ആ വീരന്മാരെപ്പോലെ ബഹുമാനത്തിന് അർഹന്മാരല്ലെന്നുവരുന്നതെങ്ങനെ? ഒരു മനുഷ്യനു ചെയ്യേണ്ട ബഹുമാനത്തിന്റെ മാനദണ്ഡം, അവൻ ലോകത്തിനു ചെയ്തിട്ടുള്ള ഗുണങ്ങൾ ആണെങ്കിൽ വിശുദ്ധന്മാരേക്കാൾ ബഹുമാനാർഹന്മാരായി ആരും ഉണ്ടാകുന്നതല്ല. എല്ലാ ദേശങ്ങളിലും ക്രിസ്തീയവേദത്തിന്റെ പ്രകാശത്തെകൊണ്ടുവന്നവരും തൻമൂലം അറിവില്ലായ്മയേയും ക്രൂരതയേയും ദൂരീകരിച്ചവരും വിശുദ്ധന്മാരല്ലേ? സർവ്വത്ര മനുഷ്യരുടെ നിർഭാഗ്യത്തെ കുറയ്ക്കുന്നതിനും ദുർഭഗന്മാരെ ആശ്വസിപ്പിക്കുന്നതിനുംവേണ്ടിപോരാടിയിട്ടുള്ളവരും പീഡിതന്മാരെ തങ്ങളുടെ ആശ്രയത്തിൽ സ്വീകരിച്ചിട്ടുള്ളവരും രോഗികൾക്കും വൃദ്ധന്മാർക്കും അനാഥക്കുട്ടികൾക്കും മററും വേണ്ടി സങ്കേതഗൃഹങ്ങൾ ഉണ്ടാക്കിയിട്ടുള്ളവരും ഇവരല്ലേ? ഇവരാകുന്നു തങ്ങളുടെ സൌകര്യത്തേയും ധനത്തേയും ദേശത്തേയും ക്ഷേമത്തേയും മിക്കപ്പോഴും തങ്ങളുടെ ജീവനെത്തന്നെയും തങ്ങളുടെ സഹോദരന്മാർക്കുവേണ്ടി ബലികഴിച്ചിട്ടുള്ളതു്. ഡോ.— ഇതൊക്കെ നല്ലതുതന്നെ. എന്നാൽ വേദപുസ്തകത്തിന്റെ ചില സ്പഷ്ടമായ വാക്കുകൾ നിങ്ങൾക്കു വിരോധമായി നില്ക്കുമ്പോൾ ആരാണു നിങ്ങളുടെ ന്യായോക്തികൾ സ്വീകരിക്കുന്നതു? സൈ.— ആ സ്പഷ്ടമായ വാക്കുകൾ ഏതാണു്? ഡോ.— "ദൈവത്തിനു മാത്രം ബഹുമാനവും മഹത്വവും" (Soli Deo honor et gloria) (൧-ാം തിമോ. ൧. ൧൭) ഇവയാണ്. സൈ.— ഇങ്ങനെയെങ്കിൽ വിശ്വാസികളുടെ പിതാവായ അബ്രാഹവും ലോത്തും യോശുവായും മററും വിഗ്രഹാരാധനക്കാരെന്നു വരണമല്ലൊ. ഡോ.— അതെങ്ങനെയാണ്. സൈ. പറയാം. കേട്ടോളു! സൃഷ്ടിപ്പിന്റെ പുസ്തകം ൧൮-ാം അദ്ധ്യായം ൨-ാം വാക്യത്തിൽ അബ്രാഹം തനിക്കു കാണപ്പെട്ട മൂന്നു ദൈവദൂതന്മാരെ വണങ്ങിയതായും ടി. പുസ്തകം ൧൯ അ. ൧-ാം വാക്യത്തിൽ ലോത്തു് രണ്ടു ദൈവദൂതന്മാരെ വന്ദിച്ചതായും പറയപ്പെട്ടിരിക്കുന്നു. യോശുവായുടെ പുസ്തകം ൫-ാം അ. ൧൪, ൧൫ വാക്യങ്ങളിൽ ടി. യോശുവാ. ദൈവദൂതനെ നിലത്തു വീണു വന്ദിച്ചതായിട്ടും കാണുന്നു. ടി. ഭാഗങ്ങൾ മിസ്റ്റർ രായർ തന്നെ വായിക്കട്ടെ! രായർ.— (വായിക്കുന്നു) സൃ. പു. ൧൮. ൨ വാ.. "അവൻ— (അബ്രാഹം) തന്റെ കണ്ണുകളെ ഉയർത്തി നോക്കി കണ്ടാലും! മൂന്നു പുരുഷന്മാർ അവന്റെ നേരെനിന്നു അവരെ കണ്ടപ്പോൾ അവൻ കൂടാരവാതുക്കൽനിന്നു അവരെ എതിരേല്പാൻ ഓടിച്ചെന്നു നിലംവരെ കുനിഞ്ഞുവന്ദിച്ചു പറഞ്ഞു. (൧൯ ാം അദ്ധ്യായം ൧-ാം വാക്യം വായിക്കുന്നു.) "പിന്നെ രണ്ടു ദൂതന്മാർ വൈകുന്നേരത്തു സോദോമിൽവന്നു; ലോത്തു് സോദോമിന്റെ വാതുക്കൽ ഇരിക്കയായിരുന്നു. അപ്പോൾ ലോത്തു് (അവരെ) ക

ണ്ടിട്ടു, അവരെ എതിരേല്പാൻ എഴുന്നീറ്റു, ഭൂമിവരെയും മുഖം താഴ്ത്തി വന്ദിച്ചു (യോശുവാ ൫. അ. ൧൪, ൧൫ വാക്യങ്ങൾ വായിക്കുന്നു.) എന്നാറെ അവൻ പറഞ്ഞു. അല്ല, ഞാൻ ഇപ്പോൾ യഹോവായുടെ സൈന്യത്തിനു അധിപതിയായി വന്നിരിക്കുന്നു. അപ്പോൾ യോശുവാ സാഷ്ടാംഗമായി നിലത്തുവീണു വന്ദിച്ച്, അവനോടു പറഞ്ഞു. എന്റെ കർത്താവു തന്റെ ദാസനോട് പറയുന്നതെന്തു?" സൈ.— ഡോക്ടരുടെ വ്യാഖ്യാനപ്രകാരമാണെങ്കിൽ അബ്രാഹം മുതലായ മഹാത്മാക്കൾ വിഗ്രഹാരാധനക്കാരാണെന്നു വരണം. എന്നുമാത്രമല്ല. ദൈവത്തെ അല്ലാതെ മററാരേയും ബഹുമാനിക്കരുതെന്നാണ് ടി. വാക്കുകളുടെ അർത്ഥമെങ്കിൽ ഡോക്ടർ ഒരു ഒന്നാംതരം വിഗ്രഹാരാധനക്കാരൻ ആണെന്നു പറയണം. രായർ.— അല്ല. ഡോക്ടരേ! ഇതെന്തു കളി! ഭഗവതിയേ പാമ്പുകടിച്ചോ? ഇങ്ങനെവരുമെന്നു ഞാനൊരിക്കലും കരുതിയിരുന്നില്ല. പറഞ്ഞു പറഞ്ഞു കാര്യം ഇങ്ങനെയായോ? ഡോ.— ഒന്നുമില്ല. നമ്മുടെ സൈമൺ എന്നെ സ്വല്പം കളിയാക്കി. അത്രേയുള്ളു. സൈ.— ഞാൻ കളിയാക്കുകയോ? ഇല്ല. നിങ്ങൾ വിഗ്രഹാരാധനക്കാരനാണെന്നു ഞാൻ തെളിയിക്കാം. നിങ്ങൾ ഈ ചോദ്യത്തിനുത്തരം പറയണം. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുന്നുണ്ടോ? ഡോ.— നിശ്ചയമായി ഞാൻ ബഹുമാനിക്കുന്നുണ്ടു. ദൈവപ്രമാണങ്ങളിൽഒന്നു നാം നമ്മുടെ പിതാവിനേയും മാതാവിനേയും ബഹുമാനിക്കണമെന്നാണല്ലൊ. അതു ശരി. എന്നാൽ നിങ്ങളുടെ വ്യാഖ്യാനം ദൈവത്തെമാത്രം ബഹുമാനിച്ചാൽ മതിയെന്നു വേദപുസ്തകം പഠിപ്പിക്കുന്നുണ്ടെന്നാണല്ലൊ. ഒന്നുകിൽ നിങ്ങളുടെ വ്യാഖ്യാനം തെററാണെന്നു നിങ്ങൾ സമ്മതിക്കണം. അല്ലെങ്കിൽ നിങ്ങൾ വിഗ്രഹാരാധനക്കാരിൽ ഒരുവനെന്നു സമ്മതിക്കണം. രായർ— ഡോക്ടർ ഒന്നും സമ്മതിക്കുമെന്നെനിക്കു തോന്നുന്നില്ല. ഡോ.— മിസ്റ്റർ രായരേ! നിങ്ങൾ എന്താണങ്ങനെ പറയുന്നതു? ഞാനെന്താ ദുശ്ശാഠ്യനാണോ!

പി. കെ. അന്തോനിക്കത്തനാർ.

# തിരുഹൃദയ സഭക്കാർ

## ൧൯൨൭ മിഥുനമാസത്തിൽ വച്ചേണ്ട
## പൊതു നിയോഗം.

**കുടുംബങ്ങളിലും സംഘങ്ങളിലും ഈശോയുടെ തിരുഹൃദയത്തിന്റെ വാഴ്ച.**

"എന്റെ തിരുഹൃദയപടം പൂജ്യമായി സ്ഥാപിച്ചു വണങ്ങുന്ന ഭവനങ്ങളെ ഞാൻ ആശീർവ്വദിക്കും". ഇതു നമ്മുടെ കർത്താവീശോ മ്ശിഹാ, വിശുദ്ധ മർഗ്ഗരീത്താ മറിയത്തോടു ചെയ്തിട്ടുള്ള ൯-ാമത്തെ വാഗ്ദാനമാകുന്നു. പടം സ്ഥാപിച്ചതുകൊണ്ടുമാത്രം ഒരു കുടുംബം മ്ശിഹായാൽ ആശീർവ്വദിക്കപ്പെട്ടുമെന്നും ഭരിച്ചു നടത്തപ്പെട്ടുമെന്നും വിചാരിപ്പാൻ പാടുള്ളതല്ല. അതിലെ അംഗങ്ങൾ ഈശോയുടെ ഇഷ്ടാനുവർത്തികളായി ജീവിക്കുവാനും ആവശ്യമാണ്. ശരിയായ ഭരണം നടക്കുന്ന രാജ്യങ്ങളിൽ ഐശ്വര്യം അഭിവൃദ്ധിപ്പെട്ടുവരുന്നതായി നാം കാണുന്നുണ്ടല്ലൊ. എത്ര പ്രശസ്തമായി നടത്തിയാലും ഈ ഭരണത്തിൽ പലേ ന്യൂനതകളും ഉള്ളതാകുന്നു. എന്നിട്ടും രാജ്യക്ഷേമം വർദ്ധിച്ചുതന്നെ ഇരിക്കുന്നു എങ്കിൽ, ഭരണസംബന്ധമായൊ മറേറതെങ്കിലും വിധത്തിലൊ യാതൊരു ന്യൂനതയും ഉണ്ടാകുവാൻ പാടില്ലാത്ത മ്ശിഹായാൽ ഭരിക്കപ്പെടുന്ന കുടുംബങ്ങളുടെയും സംഘങ്ങളുടെയും സ്ഥിതി എന്തായിരിക്കും? സമാധാനവും സംതൃപ്തിയും വിളങ്ങുന്നതു് ഇങ്ങനെയുള്ള കുടുംബങ്ങളിലാണ്. സ്വർഗ്ഗീയ നന്മകളാൽ സംപൂർണ്ണമായ കുടുംബങ്ങളും ഇവതന്നെ. ലൌകികനന്മകളുടെ പോരായ്മയും ഇപ്രകാരമുള്ള കുടുംബങ്ങളിൽ ഉണ്ടാകയില്ല. ഈശോയുടെ ഭരണത്തിനു കുടുംബങ്ങളെ ഏല്പിക്കുന്നതിനുള്ള ഒരുത്തമ മാർഗ്ഗമാണു "കുടുംബപ്രതിഷ്ഠ" എന്ന നൂതനഭക്തകൃത്യം. ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായിരിക്കുന്ന ഈ മാസത്തിൽതന്നെ ഈ കൃത്യം എല്ലാ കുടുംബങ്ങളിലും നടത്തപ്പെടുന്നതു വിഹിതമായിരിക്കും. ഇപ്പോൾ പലേടത്തും സംഭവിച്ചു കൊണ്ടിരിക്കുന്ന കുടുംബഛിദ്രം, കലാപം മുതലായതുകൾ ഇല്ലാതായി,

സപ്തക്രീയസമാധാനം ലോകത്തിൽ സര്‍വ്വത്ര പരക്കുന്നതിനു മ്ശിഹായുടെ ഭരണം കൊണ്ടേ സാധിക്കുകയുള്ളു. ആകയാൽ ഈശോയുടെ തിരുഹൃദയഭരണം എല്ലായിടത്തും വ്യാപിക്കുന്നതിനായി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാര്‍ത്ഥിപ്പാറാകണം.

---

## ലോകവര്‍ത്തമാനച്ചുരുക്കം.

ലോകത്തിൽ കത്തോലിക്കാമതസംബന്ധമായി ആകപ്പാടെ ൮൦,൦൦൦ ഭ്രാതൃസഭകൾ ഉണ്ട്. ഇവയുടെ തുക ൧൦ ലക്ഷത്തിൽപരമാണെന്നും കണക്കാക്കിയിരിക്കുന്നു.

യൂദന്മാക്കു പലസ്റ്റീനാ നാട്ടിൽ ശാശ്വതമായി കുടിയേറി പാക്കണമെന്നു മോഹമുണ്ട്. മാര്‍പ്പാപ്പാ തിരുമനസ്സിൽനിന്നും ഇതിന്ന് അനുകൂലമാണ്.

ഇപ്പോൾ നടക്കുന്ന നശീകരയുദ്ധം അവസാനിച്ച ലോകമെങ്ങും സമാധാനം പരിപാലിക്കപ്പെടുന്നതിന്നായി ജൂൺ മാസം ൨൯-ാംനു- ആയ വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാളിൽ ലോകത്തിലുള്ള നാലു ലക്ഷം കത്തോലിക്കാ പട്ടക്കാരും കുമ്പാന ചൊല്ലണമെന്നു പരിശുദ്ധ പിതാവു ആജ്ഞാപിച്ചിരിക്കുന്നു.

ചൈനായിൽ പിൻഹാം എന്ന സ്ഥലത്തുള്ള കത്തോലിക്കരുടെ തിരുഹൃദയഭക്തി ആശ്ചര്യകരമായിരിക്കുന്നു. കഴിഞ്ഞ മാര്‍ച്ചുമാസത്തിലെ ആദ്യവെള്ളിയാഴ്ച കാലത്തു, പട്ടക്കാരൻ പള്ളിയിൽ ഇല്ലാതിരുന്നതിനാൽ വിശുദ്ധ കുമ്പാന കൈക്കൊള്ളുന്നതിന്ന് അവക്കു സാധിച്ചില്ല. ആയതുകൊണ്ടു വൈകുന്നേരം ൭ മണിക്കു പട്ടക്കാരൻ വരുന്നതുവരെ അവർ ഉപവാസമായി നിന്ന് വി. കുമ്പാന കൈക്കൊൾകയുണ്ടായി.

ഇത്താല്യായിലുള്ള ൭ കത്തോലിക്കാ പത്രങ്ങൾക്കു യുദ്ധം നിമിത്തം ആവശ്യമുള്ള കടലാസു മേടിക്കുന്നതിനു സാധിക്കാതെവന്നപ്പോൾ പത്രവരിക്കാരെ വിവരം അറിയിച്ചതിൽ ഉത്തമകത്തോലിക്കരായ അവർ കാര്യസാദ്ധ്യത്തിനായി ഒരു ധനശേഖരം ആരംഭിച്ചു ൩ ലക്ഷം രൂപാ പിരിച്ചു പത്രക്കാരെ ഏൾപ്പിച്ചതായി കാണുന്നു.

കാണ്ടിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പേപ്പൽ സെമ്മിനാരിയുടെ രജതജൂബിലി കഴിഞ്ഞ മെയ് മാസാവസാനത്തോടെ നടത്തപ്പെട്ടതായിക്കാണുന്നു. ൨൭ വഷത്തിന്നിടക്കു ടി. സെമ്മനാരിയിൽനിന്നു പഠനം പൂര്‍ത്തിയാക്കിപ്പുറപ്പെട്ട വൈദികരുടെ സംഖ്യ ഏകദേശം ൧൫൦ ഓളം വരും. കാണ്ടിയിലേയും കോട്ടയത്തേയും മെത്രാന്മാരും എറണാകുളം സഹായമെത്രാനും ഈ സെമ്മനാരിയിൽ പഠനം പൂര്‍ത്തിയാക്കിയിട്ടുള്ളവരാണ്.

"ഐരിഷ് കത്തോലിക്ക്" എന്ന പ്രസിദ്ധ പത്രത്തിൻെറ പത്രാധിപരും ഉടമസ്ഥനുമായിരുന്ന വില്യം ഫ്രാൻസിസ് ഡെന്നെഹി എന്ന ദേഹം കഴിഞ്ഞ മാര്‍ച്ചു ൨—ാംനു- മരണംപ്രാപിച്ചതായി അറിയുന്നു.

ഇംഗ്ലണ്ടിൽ ആണ്ടുതോറും ഏകദേശം ൧൭,൦൦൦ പേർ കത്തോലിക്കാ സഭയിലേക്കു മാനസാന്തരപ്പെടുന്നതായി കാണുന്നു. ഈമനസ്സുതിരിവിനെ ഉദ്ദേശിച്ചു മാത്യൂ അർനാൾഡ് എന്ന അകത്തോലിക്ക ശാസ്ത്രി ഭവിഷ്യൽകാലത്തു ഇംഗ്ലണ്ടിൽ കത്തോലിക്കസഭ പ്രധാന ക്രിസ്ത്രീയസഭയായിത്തീരുമെന്നു ഭയപ്പെടുന്നു.

ബ്രിട്ടീഷ് സാമ്റാജ്യത്തിലുള്ള കത്തോലിക്കരുടെ തുക ൧൩,൨൯൨,൨൭൮ ആണെന്നുകാണുന്നു. ഇതിൽ ഇരുപത്തുമൂന്നുലക്ഷവും ഏഷ്യയിലാകുന്നു.

മരണങ്ങൾ.

ഭരണങ്ങാനം ഫോരോനാപള്ളി ഇടവകയിൽ തുരുത്തിക്കരെ ബ. ഗീവറുഗീസച്ചനവർകളുടെ മാതാവായ തുരുത്തിക്കരെ മറിയം എന്ന വയോവൃദ്ധയും, അദ്ദേഹത്തിൻെറ അമ്മായി പറമുണ്ടയിൽ ഏലി എന്ന സ്ത്രീയും കഴിഞ്ഞമാസം ൯-ം ൧൯-ം തീയതികളിൽ മരണം പ്രാപിച്ചിരിക്കുന്നു. ഇപ്പോൾ പുതുതായി പണിതുവരുന്ന പള്ളിയിലാണു ഇവരെ അടക്കിയിരിക്കുന്നത്. ഇവരുടെ നിത്യസമാധാനത്തിനായി വിശ്വാസികൾ പ്രാര്‍ത്ഥിപ്പാറാകണം.

R. I. P.

പാരീസ് മിഷ്യൻ സംഘത്തിൽ ചേൎന്ന ൧൨൫൦ ഇടവക പട്ടക്കാർ ഇൻഡ്യാ, ബൎമ്മാ, ചൈനാ, പെനാങ്ങ്, സിങ്ങപ്പൂർ മുതലായ രാജ്യങ്ങളിൽ വേദപ്രചാരജോലി നടത്തിവരുന്നു. ൧൦൦൨ സ്വദേശ വൈദികരും ൩൫൦൦ കന്യകകളും ഇവരെ സഹായിച്ചുവരുന്നു. ഇവരിൽനിന്നു ആത്മശരീരസഹായം ലഭിച്ചുവരുന്ന ക്രിസ്ത്യാനികളുടെ തുക ൧൩ ലക്ഷമാണ്.

തിരുഹൃദയ പ്രേഷകയായ ഭാഗ്യപ്പെട്ട മൎഗ്ഗരീത്താ മറിയം അലക്കോക്കിനെ പുണ്യവതിയെന്നു നാമകരണം ചെയ്യുന്നതിനു തിരുഹൃദയഭക്തർ പ്രത്യേകമായി അപേക്ഷിച്ചിരുന്നതു കഴിഞ്ഞ മാൎച്ചുമാസം ൧൬-ാംനു- സാധിച്ചിരിക്കുന്നു. ഇതു കത്തോലിക്കൎക്കെല്ലാവൎക്കും വിശിഷ്യാ തിരുഹൃദയ ഭക്തൎക്കും സന്തോഷാവഹമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ.

ഇംഗ്ലാണ്ടിലെ കിരീടാവകാശിയായ വെയിൽസു രാജകുമാരൻ ദെ. സാലിസ്സുപ്രഭു ഒരുമിച്ചു മാൎപ്പാപ്പാ തിരുമേനിയേയും അവിടത്തെ സ്റ്റേറ്റുസിക്രട്ടറി അത്യുന്നത കാർഡിനാൾ ഗസ്പാറി അവർകളേയും ഈയിടെ സന്ദൎശിക്കയുണ്ടായി. ഈ സന്ദൎശനം ബ്രിട്ടീഷ് ഗവൎമ്മെണ്ടിന്റെ ആലോചനയോടു കൂടിയാണെന്ന് മിസ്റ്റർ ബോനാർലാ പ്രസ്താവിച്ചിരിക്കുന്നു.

പ്രഞ്ചു ഗവൎമ്മെണ്ടിൽനിന്നു ഒരു പ്രതിനിധിയെ വത്തിക്കാനിൽ അയക്കണമെന്നു കാണിച്ച് അനവധി ഹൎജികൾ ജനങ്ങൾ കൂട്ടംകൂടി അയച്ചുകൊണ്ടിരിക്കുന്നു. പ്രാൻസിലുള്ള നിരീശ്വരന്മാർ, യൂദന്മാർ, സ്വതന്ത്ര്യവാദികൾ ആദിയായി പലേ അകത്തോലിക്കരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രഞ്ചു പ്രധാനമന്ത്രി കത്തോലിക്കാ സഭയുടെ ഒരു ശത്രുവാണെങ്കിലും, അദ്ദേഹത്തിനു കുറേ ഒക്കെ അനുഭാവം ഇപ്പോൾ കത്തോലിക്കരോടുള്ളതുകൊണ്ട് ഈ ഹൎജി സഫലീകരിച്ചേക്കുമെന്നു ഊഹിക്കുന്നു.

REGISTERED No. M. 365

# പഞ്ചാംഗം.

## ൧൯൧൮ ജൂലയി.

| മാസം. | തീയതി. | മാസം. | തിയ്യതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| ജൂലയി. | 1 | മിഥുനം. | ൰൭ | തി | യോഹ. മാംദാ എട്ട. ന. ആ. ക. പെ. | വെ. |
| | 2 | | ൰൮ | ചൊ | ക. മ. ഏലീശാബാസന്ദ. ന. ആ. ക. പെ. | വെ. |
| | 3 | | ൰൯ | ബു | ✠ ന. പി. തോമ്മാ ശ്ലീ. ന. ക. പെ. | ചു. |
| | 4 | | ൨൰ | വ്യാ | തോ. എം. ന. ക. പെ. | ചു. |
| | 5 | | ൨൰൧ | വെ | എം. ന. ക. പെ. | ചു. |
| | 6 | | ൨൰൨ | ശ | എം. ന. ക. പെ. | ചു. |
| | 7 | | ൨൰൩ | ഞാ | ✠ പന്തക്കു. ൭-ാം. ന. ക. ആ. | ചു. |
| | 8 | | ൨൰൪ | തി | എം. ന. ക. പെ. | ചു. |
| | 9 | | ൨൰൫ | ചൊ | † മെറ മല്പ. അപ്രേം. ന. ആ. ക. പെ. | വെ. |
| | 10 | | ൨൰൬ | ബു | തോമ്മാ ശ്ലീ. എട്ട. ന. ക. പെ. | ചു. |
| | 11 | | ൨൰൭ | വ്യാ | പാ. വേ. പീയൂസ്. ന. ആ. ക. പെ. | ചു. |
| | 12 | | ൨൰൮ | വെ | വേ. നാബോർ ക്രു. ന. ആ. ക. പെ. | ചു. |
| | 13 | | ൨൰൯ | ശ | പാ. വേ. അനാക്ലേത്ത്. ന. ആ. ക. പെ. | ചു. |
| | 14 | | ൩൰ | ഞാ | ✠ പന്തക്കു. ൮-ാം ന. ക. ആ. | പ. |
| | 15 | | ൩൰൧ | തി | † ആ. മെറ. യാക്കോ ശ്ലീ. ന. ആ. ക. പെ. | വെ. |
| | 16 | കർക്കടകം. | ൧ | ചൊ | † കർമ്മലമാതാ. ന. ആ. ക. പെ. | വെ. |
| | 17 | | ൨ | ബു | മെറ. അലെക്സ് ന. ആ. ക. പെ. | വെ. |
| | 18 | | ൩ | വ്യാ | വേ. സുമ്പ്രൊ. മക്കളും ന. ആ. ക. പെ. | ചു. |
| | 19 | | ൪ | വെ | † മെറ വിൻസൻപെറ ന. ആ. ക. പെ. | വെ. |
| | 20 | | ൫ | ശ | ക. വേ. മർഗരി. ന. ആ. ക. പെ. | ചു. |
| | 21 | | ൬ | ഞാ | ✠ പന്തക്കു. ൯-ാം ന. ക. ആ. | പ. |
| | 22 | | ൭ | തി | മറിയം മഗ്ദ. ന. ആ. ക. പെ. | വെ. |
| | 23 | | ൮ | ചൊ | അ. വേ. അപ്പൊളി. ന. ആ. ക. പെ. | ചു. |
| | 24 | | ൯ | ബു | യാക്കോ ശ്ലീ. ത. നാ. ന. ആ. ക. തല. ഇ. വി. | രോ. |
| | 25 | | ൰ | വ്യാ | (✠) യാക്കോ ശ്ലീ. ന. ക. പെ. | ചു. |
| | 26 | | ൰൧ | വെ | ഹന്നാ ഉമ്മാ ന. ആ. ക. പെ. | ചു. |
| | 27 | | ൰൨ | ശ | വേ. പന്താലി. ന. ആ. ക. പെ. | ചു. |
| | 28 | | ൰൩ | ഞാ | ✠ പന്തക്കു. ൧൦-ാം ന. ക. ആ. | പ. |
| | 29 | | ൰൪ | തി | ക. മർത്താ. ന. ആ. ക. പെ. | വെ. |
| | 30 | | ൰൫ | ചൊ | വേ. അബ്ദലോൻ ന. ആ. ക. പെ. | ചു. |
| | 31 | | ൰൬ | ബു | † മെറ. അഗ്നാത്തി. ലോയ. ന. ആ. ക. പെ. | വെ. |

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam, 1918.